بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 7

ലക്കം 09

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 മാർച്ച് 3/ഹി.ശം. 1401 അമാൻ 3/ഹിജ്റ 1443 റജബ് 29


## അല്ലാഹുവിന്റെ വചനം

وَمَا الۡحَیٰوۃُ الدُّنۡیَاۤ اِلَّا لَعِبٌ وَّلَہۡوٌ ؕ وَلَلدَّارُ الۡاٰخِرَۃُ خَیۡرٌ لِّلَّذِیۡنَ یَتَّقُوۡنَ ؕ اَفَلَا تَعۡقِلُوۡنَ ﴿سورۃ الانعام:33﴾

‘ഐഹികജീവിതം കളിയും വിനോദവുമല്ലാതെ മറ്റൊന്നുമല്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് തീർച്ചയായും പാരത്രികഭവനമാണ്ഏറ്റവും ഉത്തമമായിട്ടുള്ളത്. അപ്പോൾ നിങ്ങൾ ബുദ്ധിപൂർവം പ്രവർത്തിക്കുന്നില്ലേ?’ (6:33)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**അല്ലാഹുവിന്റെ മഹത്ത്വത്തിനും പ്രതാപത്തിനും പരിശുദ്ധിക്കുംവേണ്ടി ആവേശമില്ലാത്തവന്റെ നമസ്കാരങ്ങൾ വ്യാജമാണ്. അവന്റെ സജ്ദകൾ പാഴാണ്. അല്ലാഹുവിനുവേണ്ടി ആവേശമുണ്ടാകാത്തിടത്തോളം ഈ സുജൂദുകൾ വെറും മന്ത്രങ്ങളും തന്ത്രങ്ങളുമായി ഗണിക്കപ്പെടും. അവ മുഖേനയാണ് അവർ സ്വർഗമെടുക്കാനാഗ്രഹിക്കുന്നത്! ഓർമിച്ചുകൊള്ളുക! ഒരു ഭൗതിക കാര്യവും അതിന്റെ യഥാർഥ അവസ്ഥ ഉൾക്കൊള്ളുന്നതല്ലെങ്കിൽ ഫലപ്രദമാകുകയില്ല; അല്ലാഹുവിന് ബലിയുടെ മാംസം എത്താത്തതുപോലെ, നിങ്ങളുടെ റുക്കൂഉം സുജൂദും എത്തുകയില്ല. അതിനോടുകൂടി അതിന്റെ യഥാർഥ അവസ്ഥ ഉണ്ടാകാത്തിടത്തോളം!**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عَلَیْہِ السَّلَام ന്റെ ഉപദേശങ്ങൾ

അല്ലാഹുവിന്റെ പക്കൽ വലിയുല്ലായും ബർക്കത്തുകാരുമെന്ന് പറയുന്നത് ഈ ആവേശം കരസ്ഥമാക്കുന്നവരാണ്. അവരുടെ പ്രതാപം വെളിപ്പെടണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. നമസ്കാരത്തിൽ **സുബ്ഹാന റബ്ബിയൽ അളീം** എന്നും **സുബ്ഹാന റബ്ബിയൽ അഅ്ലാ** എന്നും പറയപ്പെടുന്നു. അതും അല്ലാഹുവിന്റെ പ്രതാപം വെളിപ്പെടണമെന്ന ആഗ്രഹമാണ്. അല്ലാഹുവിന്റെ അതുല്യമായ മഹത്ത്വം ഉണ്ടാകണം. നമസ്കാരത്തിൽ തസ്ബീഹും തഖ്ദീസും ചെയ്തുകൊണ്ട് ഇതേ അവസ്ഥയാണ് പ്രകടമാകുന്നത്. അതായത് സ്വാഭാവികമായ ആവേശത്തോടെ തങ്ങളുടെ ജോലികളിൽനിന്നും തങ്ങളുടെ പരിശ്രമങ്ങളിൽനിന്നും പ്രദർശനപരത അതായത് അവന്റെ മഹത്ത്വത്തിന്നെതിരിൽ ഒരു വസ്തുവും തന്റെ മേൽ വിജയിക്കുകയില്ല അല്ലാഹു പ്രേരിപ്പിച്ചു. അവന്റെ തൃപ്തിക്കനുസരിച്ച് ആവേശമുൾക്കൊള്ളുന്നത് വലിയ ആരാധനയാണ്. അവൻതന്നെയാണ് സഹായിക്കപ്പെട്ടവനെന്ന് പറയപ്പെടുന്നതും; അവൻതന്നെയാണ് ബർക്കത്തുകൾ പ്രാപിക്കുന്നതും. അല്ലാഹുവിന്റെ മഹത്ത്വത്തിനും പ്രതാപത്തിനും പരിശുദ്ധിക്കുംവേണ്ടി ആവേശമില്ലാത്തവന്റെ നമസ്കാരങ്ങൾ വ്യാജമാണ്. അവന്റെ സജ്ദകൾ പാഴാണ്. അല്ലാഹുവിനുവേണ്ടി ആവേശമുണ്ടാകാത്തിടത്തോളം ഈ സുജൂദുകൾ വെറും മന്ത്രങ്ങളും തന്ത്രങ്ങളുമായി ഗണിക്കപ്പെടും. അവ മുഖേനയാണ് അവർ സ്വർഗമെടുക്കാനാഗ്രഹിക്കുന്നത്! ഓർമിച്ചുകൊള്ളുക! ഒരു ഭൗതിക കാര്യവും അതിന്റെ യഥാർഥ അവസ്ഥ ഉൾക്കൊള്ളുന്നതല്ലെങ്കിൽ ഫലപ്രദമാകുകയില്ല; അല്ലാഹുവിന് ബലിയുടെ മാംസം എത്താത്തതുപോലെ, നിങ്ങളുടെ റുക്കൂഉം സുജൂദും എത്തുകയില്ല. അതിനോടുകൂടി അതിന്റെ യഥാർഥ അവസ്ഥ ഉണ്ടാകാത്തിടത്തോളം! അല്ലാഹു യഥാർഥമായ അവസ്ഥയാണ് ആഗ്രഹിക്കുന്നത്. അവന്റെ ആദരവിനും മഹത്ത്വത്തിനും വേണ്ടി ആവേശമുൾക്കൊള്ളുന്നവരെ അവൻ സ്നേഹിക്കുന്നു. ആരാണോ അങ്ങനെ ചെയ്യുന്നത് അവനൊരു സൂക്ഷ്മമായ വഴിയിലൂടെയാണ് പോകുന്നത്. മറ്റാർക്കും അവനോടൊപ്പം പോകാൻ സാധിക്കുകയില്ല. യഥാർഥമായ അവസ്ഥ ഉണ്ടാകാത്തിടത്തോളം മനുഷ്യന് അഭിവൃദ്ധിപ്പെടാനും സാധിക്കുകയില്ല. തനിക്കുവേണ്ടി ആവേശമുൾക്കൊള്ളാത്തിടത്തോളം ഒരു ആനന്ദാനുഭൂതിയും നല്കുകയില്ലെന്ന് അല്ലാഹു സത്യം ചെയ്തിരിക്കുന്നു.

എല്ലാ ഓരോ മനുഷ്യരോടുമൊപ്പം ഒരു ആഗ്രഹമുണ്ടായിരിക്കും. സകല ആഗ്രഹങ്ങളുടേയുമ്മേൽ അല്ലാഹുവിന്റെ മഹത്ത്വത്തെ മുന്തിക്കാത്തിടത്തോളം മുഅ്മിൻ അഥവാ സത്യവിശ്വാസിയാകുകയില്ല. അടുത്തവനും സുഹൃത്തിനുമാണ് വലിയ്യ് എന്നു പറയുന്നത്. സുഹൃത്ത് ആഗ്രഹിക്കുന്നത് അവനും ആഗ്രഹിക്കുന്നു. അപ്പോഴാണ് അവൻ വലിയ്യ് എന്നു പറയപ്പെടുന്നത്. അല്ലാഹു പറയുന്നു: **വമാ ഖലഖ്ത്തുൽജിന്ന വൽ ഇൻസ ഇല്ലാ ലിയഅ്ബുദൂൻ** (51:57) അതുകൊണ്ട് അല്ലാഹുവിനെ കിട്ടാൻ അവൻ ആവേശമുൾക്കൊള്ളേണ്ടതാണ്. പിന്നീട് അവൻ തന്റെ വർഗത്തിൽപ്പെട്ടവരിൽ ഉയർന്നുപോകുന്നതായിരിക്കും. അല്ലാഹുവിന്റെ അടുത്ത ആളുകളിൽ പെട്ടവനായിത്തീരും. മരിച്ചവരെപ്പോലെ ആകരുത്. മരിച്ചവന്റെ വായിൽ ഒരു വസ്തു ഒരു സൈഡിലൂടെ ഇട്ടാൽ മറ്റേ സൈഡിലൂടെ അത് പുറത്തേക്കു വരുന്നു. ഇപ്രകാരംതന്നെ നിർഭാഗ്യതയുടെ നേരത്ത് ഒരു നല്ല വസ്തുവും ഉള്ളിൽ പോകുകയില്ല. അല്ലഹുവിനുവേണ്ടി വ്യക്തിപരമായ ആവേശമുണ്ടാകാത്തിടത്തോളം ഒരു ആരാധനയും ഒരു സ്വദഖയും സ്വീകരിക്കപ്പെടുകയില്ല. അതിനോടൊപ്പം വ്യക്തിപരമായ നേട്ടങ്ങളുടേയും ഗുണങ്ങളുടേയും കലർപ്പുണ്ടാകരുത്. തന്നിൽ ഈ ആവേശമുണ്ടായത് എന്തുകൊണ്ടാണെന്ന് താൻതന്നെ അറിയാത്ത നിലയുണ്ടാവണം. അത്തരം ആളുകൾ ധാരാളമായി ഉണ്ടാകേണ്ട ആവശ്യമുണ്ട്. എന്നാൽ, അല്ലഹുവിന്റെ തീരുമാനമില്ലാതെ ഒന്നുംതന്നെ നടക്കുകയില്ല. *(മൽഫൂദാത്ത് വാല്യം 1, പേജ് 357 - 358, പ്രസാധനം 2018 ഖാദിയാൻ)*

## നബിﷺയുടെ സാരോപദേശം:

### ദജ്ജാൽ മക്കയിലും മദീനയിലും കടക്കുകയില്ല

(1879)ഹദ്റത്ത് അബൂബക്റത്ത്(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: ലോകത്തെ ചുറ്റിസഞ്ചരിക്കുന്ന ദജ്ജാലിനെ സംബന്ധിച്ച ഭയം മദീനക്കാരം ബാധിക്കുകയില്ല. അന്ന് മദീനയ്ക്ക് ഏഴു കവാടങ്ങളുണ്ടായിരിക്കും. ഓരോ കവാടത്തിലും ഈരണ്ടു മലക്കുകൾ കാവൽക്കാരായി ഉണ്ടായിരിക്കും.

(1880)ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം.നബി(സ)തിരുമേനി പറഞ്ഞു: മദീനായുടെ പ്രവേശന കവാടങ്ങളിൽ മലക്കുകൾ നിൽക്കും. പ്ലേഗോ ദജ്ജാലോ അതിൽ പ്രവേശിക്കുകയില്ല.

(1881)ഹദ്റത്ത് അനസ്(റ)നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: ദജ്ജാൽ കാലുവെക്കാത്ത ഒരു രാജ്യവുമില്ല; മക്കയും മദീനയും ഒഴികെ. ആ രണ്ടു രാജ്യങ്ങളുടേയും സർവ പ്രവേശന ദ്വാരങ്ങളിലും മലക്കുകൾ അണിയണിയായി കാവൽ നില്ക്കും. ശേഷം മദീന അതിന്റെ നിവാസികളോടുകൂടി മൂന്നു പ്രാവശ്യം കമ്പനം കൊള്ളും. അതിലുള്ള സർവ സത്യനിഷേധികളേയും കപടവിശ്വാസികളേയും അല്ലാഹു പുറത്തു കൊണ്ടുവരും. *(സ്വഹീഹ് ബുഖാരി, വാല്യം 3, കിതാബു ഫളാഇലു മദീന, പ്രസാധനം 2008)*


ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

The Weekly BADR Qadian (Malayalam)

നൂറുൽ ഇസ്ലാം വകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

TOLL FREE NUMBER 1800 3010 2131


## ഈ ലക്കത്തിൽ


ജുമുഅ ഖുത്ബ

28-01-2022 സമ്പൂർണ പരിഭാഷ

21-01-2022 തുടർച്ച


**പരലോകത്തെ നിഷേധിച്ച കാരണത്താൽ കൂസലില്ലായ്മയും അശ്രദ്ധയും അവരിലുണ്ടായിരിക്കുന്നു. ഹൃദയം അറിവിൽനിന്ന് പിന്തളളപ്പെട്ടുപോകുന്നു. ഇക്കാരണത്താൽ സ്പഷ്ടമായതും ദൃഢഗാഢമായതുമായ കാര്യങ്ങൾപോലും തന്റേടത്തോടെ നിഷേധിക്കുന്നു. ചിന്തിക്കുന്നതിൽ ശ്രദ്ധയില്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്(റ) സൂറ നഹ്ലിലെ 23-ാം വചനമായ **ഫല്ലദീന ലാ യുഅ്മിനൂന ബിൽആഖിറത്തി ഖുലൂബുഹും മ്മുൻകിറത്തുൻവ്വഹും മ്മുസ്തക്ബിറൂൻ** എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു: ഈ വാക്യത്തിൽ, അല്ലാഹു ഏകനാണെന്നത് ചിന്തിക്കേണ്ടതില്ലാത്ത കാര്യമാണെങ്കിൽ ആളുകൾ അവൻ ഏകനാണെന്നത് നിഷേധിക്കുന്നതെന്തിന് എന്ന ചോദ്യത്തിനുള്ള മറുപടി ന്ലികിയിരിക്കുയാണ്. ആ മറുപടി ഇതാണ്: ഈ നിഷേധം ഏതെങ്കിലും തെളിവിലധിഷ്ഠിതമല്ല. പ്രത്യുത ഈ തെളിവുകളുണ്ടായിട്ടും അന്യാരാധനയിൽ അകപ്പെടുക എന്നതിന്റെ കാരണം ഇവർ മരണത്തിനുശേഷമുള്ള ഉയിർത്തെഴുന്നേൽപ് നിഷേധിക്കുന്നവരാണെന്നതാണ്. ഈ നിഷേധം കാരണത്താൽ അവരുടെ ഉള്ളിൽ മാന്യത അവശേഷിച്ചില്ല. കാരണം ഇവർ തങ്ങളുടെ കർമങ്ങൾ നിഷ്ഫലമാണെന്ന് മനസ്സിലാക്കുമ്പോൾ അവർക്ക്

ശേഷം പേജ് 12ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**നബി(സ)തിരുമേനി തന്റെ പ്രഭാഷണത്തിൽ പറഞ്ഞു:**
'നമ്മൾ നിഷേധികളുടെ വെല്ലുവിളി സ്വീകരിച്ചുകൊണ്ട് ആ സന്ദർഭത്തിൽ പുറപ്പെടാൻ വാഗ്ദാനം ചെയ്തതാണ്. അതുകൊണ്ട് നമുക്ക് അത് ലംഘിക്കാൻ സാധ്യമല്ല. ഒറ്റക്ക് പോകേണ്ടി വന്നാലും ഞാൻ പോകുന്നതാണ്. ശത്രുക്കൾക്കെതിരിൽ ഞാൻ ഒറ്റക്ക് നെഞ്ചുവിരിച്ച് പോരാടുന്നതാണ്.

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച**

ബനൂനദീർ യുദ്ധം, ബദ്റുൽമൗയിദ് യുദ്ധം, ബനൂ മുസ്ത്വലിഖ് യുദ്ധം, ഇഫ്ക് സംഭവം, അഹ് സാബ് യുദ്ധം എന്നിവയെ കുറിച്ചുള്ള ചർച്ച

**മുഖ്താർ അഹ്മദ് ഗോൻദൽ സാഹിബിന്റെ ഭാര്യ മുബാറക്ക ബീഗം സാഹിബ, മീർ അബ്ദുൽ വാഹിദ് സാഹിബ്, സയ്യിദ് വഖാർ സാഹിബ് ഓഫ് എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ 2022 ജനുവരി 28/1401 സ്വുൽഹ് 28, മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് അബൂബക്ർ(റ)നെ സംബന്ധിച്ചുള്ള അനുസ്മരണമാണ് നടന്നു വരുന്നത്. ഇന്നും ഈ അനുസ്മരണംതന്നെ തുടരുന്നതാണ്. 'ഹംറാഉൽഅസദ്' യുദ്ധത്തെ സംബന്ധിച്ചു എഴുതിയിരിക്കുന്നു: 'നബി(സ)തിരുമേനി ശനിയാഴ്ച ഉഹുദിൽനിന്ന് തിരിച്ചു വന്നു. ഞായറാഴ്ച രാവിലെ ബിലാൽ ബാങ്കുകൊടുത്ത് നബി(സ)തിരുമേനി പുറത്ത് വരാൻ കാത്തിരുന്നു. അപ്പോഴേക്ക് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ് ബിൻ ഔഫ് മുസനീ(റ), നബി(സ)തിരുമേനിയെ അന്വേഷിച്ചു വന്നു. അവിടന്ന് പുറത്തു വന്നപ്പോൾ അദ്ദേഹം എഴുന്നേറ്റുനിന്ന് പറഞ്ഞു: 'വീട്ടിൽനിന്ന് വരികയായിരുന്നു. 'മലൽ' എന്ന സ്ഥലത്തെത്തിയപ്പോൾ അവിടെ ഖുറയ്ശികൾ തമ്പടിച്ചിരുന്നു.' 'മലൽ' മക്കയുടെ വഴിയിൽ മദീനയിൽനിന്ന് 28 മൈൽ ദൂരെയുള്ള ഒരു സ്ഥലത്തിന്റെ പേരാകുന്നു. അദ്ദേഹം അബൂസുഫ്‌യാനും കൂട്ടരും ഇങ്ങനെ പറയുന്നത് കേട്ടു: 'നിങ്ങൾ ഒന്നും ചെയ്തില്ല. നിങ്ങൾ മുസ്‌ലിമീങ്ങൾക്ക് പ്രയാസമുണ്ടാക്കി നഷ്ടങ്ങളുണ്ടാക്കി. പിന്നെ അവരെ വെറുതെവിട്ടു. അവരെ നശിപ്പിച്ചില്ല.' അവരിൽ വലിയ വലിയ ആളുകൾ അതായത് കുഫ്ഫാർ പറഞ്ഞു, മുസ്‌ലിമീങ്ങളിൽ വലിയ വലിയ ആളുകൾ ബാക്കിയായിട്ടുണ്ട്. അവർ നിങ്ങളെ നേരിടാൻ ഒരുമിച്ചുകൂടും. അതുകൊണ്ട് തിരിച്ച് പുറപ്പെടുക. അങ്ങനെ നമുക്ക് അവരെ വേരോടെ പിഴുതെറിയാം; അതായത് അവരിൽ ബാക്കിയായവരെ. സ്വഫ്‌വാൻ ബിൻ ഉമയ്യ അവരെ ഇക്കാര്യത്തിൽ തടുക്കാൻ ഒരുങ്ങി. അയാൾ കാഫിരീങ്ങൾക്കിടയിൽ ഇരിക്കുന്നുണ്ടായിരുന്നു. അയാൾ പറഞ്ഞു: 'എന്റെ സമൂഹമേ, അങ്ങനെ ചെയ്യരുത്. കാരണം അവർ യുദ്ധം ചെയ്തു കഴിഞ്ഞവരാണ്. ഞാൻ ഭയപ്പെടുന്നത്, അവരിൽ യുദ്ധത്തിനെത്താൻ കഴിയാതിരുന്നവരേയും ഇനി നിങ്ങളെ നേരിടാൻ അവർ ഒരുമിച്ച് കൂട്ടുമെന്നാണ്. നിങ്ങൾ തിരിച്ചുപോകുവിൻ. ഏതായാലും വിജയം നിങ്ങൾക്ക് കിട്ടിയിരിക്കുന്നു. മാത്രമല്ല നിങ്ങൾ എതിരിടാൻ തിരിക്കുകയാണെങ്കിൽ നിങ്ങൾ പരാജിതരാകുമോ എന്നും ഞാൻ ഭയപ്പെടുന്നു.' നബി(സ)തിരുമേനി ഹദ്റത്ത് അബൂബക്റിനേയും ഹദ്റത്ത് ഉമറിനേയും വിളിപ്പിച്ചു. എന്നിട്ട് ആ മുസനി സ്വഹാബി പറഞ്ഞകാര്യം അവരെ കേൾപ്പിച്ചു. അപ്പോൾ അവർ രണ്ടുപേരും പറഞ്ഞു: 'യാ റസൂലല്ലാഹ്! ശത്രുക്കളിലേക്ക് നീങ്ങിയാലും. അവർ നമ്മുടെ കുട്ടികളെ ആക്രമിക്കാതിരിക്കാൻ വേണ്ടി. (അതാണ് നല്ലത്). നബി(സ)തിരുമേനി സ്വുബ്ഹി നമസ്കാരത്തിൽനിന്ന് വിരമിച്ചപ്പോൾ എല്ലാവരേയും വിളിച്ചുകൂട്ടി, 'അല്ലാഹുവിന്റെ റസൂൽ കഴിഞ്ഞ ദിവസം തങ്ങളോടൊപ്പം യുദ്ധത്തിൽ ഉണ്ടായിരുന്നവരെ അതായത് ഉഹുദ് യുദ്ധത്തിൽ പങ്കെടുത്തവരെ ശത്രുക്കളിലേക്ക് പുറപ്പെടാൻ വിളിച്ചിരിക്കുന്നു' എന്ന് ജനങ്ങൾക്കിടയിൽ വിളംബരപ്പെടുത്താൻ ഹദ്റത്ത് ബിലാലിനോട് കൽപിച്ചു. നബി(സ)തിരുമേനി തന്റെ കൊടി വരുത്തിച്ചു. അതു കഴിഞ്ഞ ദിവസം മടക്കിവെച്ചതാണ്, നിവർത്തിയിരുന്നില്ല. നബി(സ)തിരുമേനി ഈ കൊടി ഹദ്റത്ത് അലിക്ക് കൊടുത്തു. ഹദ്റത്ത് അബൂബക്റിന് കൊടുത്തുവെന്നും പറയപ്പെടുന്നുണ്ട്. *(സുബുലുൽഹുദാ വർറശാദ്, വാള്യം 4, പേജ് 308-309, ഗസ്‌വ ഹംറാഉൽഅസദ്, പ്രാസധകർ ദാറുൽകുതുബുൽഇൽമിയ്യ 1993) (മുഅ്ജമുൽ ബുൽദാൻ, വാള്യം 5, പേജ് 225, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്)* ഏതായിരുന്നാലും മുസ്‌ലിമീങ്ങളുടെ ഈ സംഘം മദീനയിൽനിന്ന് 8 മൈൽ അകലെ ഹംറാഉൽഅസദിലെത്തിയപ്പോൾ ശത്രുക്കൾ ഭയന്ന് തുടങ്ങി. അവർ മദീനയിലേക്ക് തിരിയാനുള്ള ഉദ്ദേശ്യം ഒഴിവാക്കി മക്കയിലേക്ക് തിരിച്ചുപോയി. *(സയ്യിദുനാ അബൂബക്ർ, ശഖ്സിയ്യത്ത് ഔർ കാർണാമെ, അലി മുഹമ്മദ് സ്വലാബീ മുത്തർജിം ഉർദു, പേജ് 113)*

ബനൂ നദീർ യുദ്ധം ഹിജ്‌രി 4-ാം വർഷമാണ് നടന്നത്. നബി(സ)തിരുമേനി സ്വഹാബാക്കളുടെ ആ ചെറിയ സംഘത്തോടൊപ്പം ബനൂനദീറിന്റെ അടുക്കലെത്തി. എന്തിനാണ് നബി(സ)തിരുമേനി അവിടെ പോയതെന്നതിനെ സംബന്ധിച്ച് വ്യത്യസ്തമായ നിവേദനങ്ങൾ കാണുന്നുണ്ട്. ഒരു നിവേദനമനുസരിച്ച് നബി(സ)തിരുമേനി ബനൂആമിറിന്റെ കൊല്ലപ്പെട്ട രണ്ടുപേരുടെ രക്തപരിഹാര ധനം വാങ്ങാനാണ് പോയത്. നബി(സ)തിരുമേനിയോടൊപ്പം പത്തോളം സ്വഹാബക്കളുമു ണ്ടായിരുന്നു. അവരിൽ ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും ഹദ്റത്ത് അലിയും ഉണ്ടായിരുന്നു. നബി(സ)തിരുമേനി അവിടെയെത്തി അവരോട് തുകയെ പറ്റി സംസാരിച്ചു. യഹൂദികൾ പറഞ്ഞു: 'അബുൽ ഖാസിം! ആദ്യം താങ്കൾ ഭക്ഷണം കഴിച്ചാലും, പിന്നെ നമുക്ക് കാര്യത്തിലേക്ക് കടക്കാം.' ആ സമയത്ത് നബി(സ)തിരുമേനി ചുമരിൽ ചാരിയിരിക്കുകയായിരുന്നു.

യഹൂദികൾ പരസ്പരം ഗൂഢാലോചന നടത്തിക്കൊണ്ട് പറഞ്ഞു: 'ഇയാളെ അതായത് നബി(സ)തിരുമേനിയെ തീർക്കാൻ ഇതിലും നല്ല അവസരം നിങ്ങൾക്ക് കിട്ടുന്നതല്ല. അതുകൊണ്ട് ഈ വീടിന്റെ മുകളിൽ കയറി ഒരു വലിയ കല്ല് അയാളുടെ മുകളിലേക്കിട്ട് നമുക്ക് ഇയാളിൽനിന്ന് സമാധാനം നൽകാനാരുണ്ടുള്ളത്? അപ്പോൾ യഹൂദികളുടെ ഒരു നേതാവ് അംറ് ബിൻ ജഹ്ഹാശ് അതിന് സമ്മതിച്ചു. എന്നിട്ട് പറഞ്ഞു: 'ഞാൻ അതിന് സന്നദ്ധനാണ്.' എന്നാൽ, അതേ സമയത്ത് സല്ലാം ബിൻ മിശ്കം എന്ന മറ്റൊരു യഹൂദി നേതാവ് ഈ തീരുമാനത്തെ എതിർത്തുകൊണ്ട് പറഞ്ഞു: 'അങ്ങനെ ഒരിക്കലും ചെയ്യരുത്. ദൈവത്താണ! നിങ്ങൾ ചിന്തിച്ചുകൊണ്ടിരിക്കുന്നതിനെ പറ്റി അയാൾക്ക് തീർച്ചയായും അറിവ് കിട്ടുന്നതാണ്. ഇത് വിശ്വാസവഞ്ചനയാണ്. നമുക്കും അവർക്കും ഇടയിൽ ഉടമ്പടി നിലനിൽക്കുന്നുണ്ട്.' പിന്നീട് കല്ലിടേണ്ട ആൾ നബി(സ)തിരുമേനിയുടെ മേൽ കല്ലിടാൻ മുകളിലെത്തിയപ്പോൾ ആ ഗൂഢാലോചനയെ കുറിച്ച് ആകാശത്തുനിന്ന്

നബി(സ)തിരുമേനിക്ക് വിവരം വന്നു.

യഹൂദികളെന്താണ് ചെയ്യാൻ പോകുന്നതെന്നതിനെ കുറിച്ച് അല്ലാഹു നബിയെ അറിയിച്ചു. ഉടൻതന്നെ അവിടന്ന് തന്റെ സ്ഥലത്തുനിന്നെഴുന്നേല്ക്കുകയും തന്റെ സുഹൃത്തുക്കളെ അവിടെ തന്നെ ഇരുത്തിക്കൊണ്ട് എന്തോ ജോലി തനിക്കുള്ളതുപോലെ അവിടെനിന്ന് മദീന തിരിച്ചു പോരുകയും ചെയ്തു. നബി(സ)തിരുമേനി വളരേ വേഗം മദീനയിലെത്തി. അവിടന്ന് മദീനയിലെത്തിയ ശേഷം ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയെ ബനൂ നദീറിന്റെ അടുക്കലേക്ക് അയച്ചുകൊണ്ട് അവർക്ക് ഒരു സന്ദേശം നൽകി, 'നിങ്ങൾ എത്രയും വേഗം എന്റെ നാട്ടിൽനിന്ന് അതായത് മദീനയിൽനിന്ന് പുറത്ത് പോകുക, നിങ്ങൾക്കിനി എന്റെ നാട്ടിൽ നിൽക്കാൻ നിർവാഹമില്ല. നിങ്ങൾ ആസൂത്രണം ചെയ്തത് ചതിയും ദ്രോഹവുമാണ്.' നബി(സ)തിരുമേനി യഹൂദികൾക്ക് 10 ദിവസത്തെ സാവകാശം നൽകി. എന്നാൽ, അവർ അത് നിഷേധിക്കുകയും തങ്ങളുടെ നാടൊരിക്കലും ഉപേക്ഷിക്കില്ലെന്ന് പറയുകയും ചെയ്തു.'

ഈ സന്ദേശം കേട്ടപ്പോൾ മുസ്‌ലിമീങ്ങൾ യുദ്ധത്തിന് തയ്യാറെടുത്തു തുടങ്ങി. അങ്ങനെ എല്ലാ മുസ്‌ലിമീങ്ങളും ഒരുമിച്ച് കൂടിയപ്പോൾ നബി(സ)തിരുമേനി ബനൂനദീറിനെ നേരിടാൻ പുറപ്പെട്ടു. യുദ്ധപതാക ഹദ്റത്ത് അലിയാണ് പിടിച്ചിരുന്നത്. നബി(സ)തിരുമേനി അവരുടെ കോട്ടകൾ വളഞ്ഞു. അവരെ സഹായിക്കാൻ ആരും എത്തിയില്ല. നബി(സ)തിരുമേനി ബനൂ നദീറിലേക്ക് സൈനിക നീക്കം തുടങ്ങി. ഇശാഅ്ന്റെ നേരത്ത് നബി(സ)തിരുമേനി തന്റെ 10 സ്വഹാബാക്കളോടൊപ്പം തന്റെ വീട്ടിലെത്തി. ആ നേരത്ത് നബി(സ)തിരുമേനി സൈന്യത്തിന്റെ നേതൃത്വം ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് അലിയെ ഏൽപ്പിച്ചു. മറ്റൊരു നിവേദനത്തിൽ ഈ സൗഭാഗ്യം ഹദ്റത്ത് അബൂബക്റിനാണ് ലഭിച്ചത്. ഇവിടെ നബി(സ)തിരുമേനി വളരെ ശക്തമായി അവരെ ഉപരോധിക്കുകയായിരുന്നു. അല്ലാഹു അവരുടെ ഹൃദയത്തിൽ അതായത് യഹൂദികളുടെ ഹൃദയത്തിൽ മുസ്‌ലിമീങ്ങളോടുള്ള ഭയം ഇട്ടു. അവസാനം ജീവൻ രക്ഷിക്കണമെന്നും ആയുധങ്ങളൊഴികെ ഒട്ടകപ്പുറത്ത് കയറ്റാവുന്ന സാധന സാമഗ്രികളുമായി നാടുപേക്ഷിച്ചുപോകാൻ അനുവദിക്കണമെന്നും അവർ നബി(സ)തിരുമേനിയോട് അപേക്ഷിച്ചു. നബി(സ)തിരുമേനി അവരുടെ ഈ നിബന്ധനയും അപേക്ഷയും അംഗീകരിച്ചു. ഒരു നിവേദന പ്രകാരം നബി(സ)തിരുമേനി 15 ദിവസംവരെ അവരെ ഉപരോധിച്ചു. പക്ഷേ, മറ്റുചില നിവേദനങ്ങളിൽ ദിവസങ്ങളുടെ എണ്ണത്തിൽ വ്യത്യാസം കാണപെടുന്നുണ്ട്. *(അസ്സീറത്തുൽ ഹൽബിയ്യ വാല്യം 2,പേജ് 357-361, ഗസ്‌വ ബനൂ നദീർ, ദാറുൽകുതുബുൽ ഇൽമിയ്യ 2002)*

നബി(സ)തിരുമേനി അൻസ്വാറിന്റെ സമ്മതത്തോടെ ബനൂ നദീർ യുദ്ധത്തിൽനിന്ന് ലഭ്യമായ സമരാർജിത സ്വത്തുക്കൾ മുഹാജിരീങ്ങൾക്കിടയിൽ വിതരണം ചെയ്തു. അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു: 'അൻസ്വാറിന്റെ സംഘമേ! അല്ലാഹു നിങ്ങൾക്ക് തക്കതായ പ്രതിഫലം നൽകുമാറാകട്ടെ.' *(സുബുലുൽഹുദാ വർരശാദ്, വാല്യം 4, പേജ് 325, പ്രാസധകർ ദാറുൽകുതുബുൽഇൽമിയ്യ 1993)*

ബദ്റുൽ മൗയിദ് യുദ്ധം: ഇത് ഹിജ്റ 4-ൽ നടന്ന സംഭവമാണ്. ഈ യുദ്ധത്തിന്റെ കാരണം ഇങ്ങനെയാണ്: അബൂ സുഫ്‌യാൻ ബിൻ ഹർബ്, ഉഹുദ് യുദ്ധത്തിൽനിന്ന് തിരിക്കുമ്പോൾ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: 'അടുത്ത വർഷം ഞങ്ങൾക്കും നിങ്ങൾക്കും ബദ്റുസ്സ്വഫ്റായിൽ കണ്ടുമുട്ടാം. ഞങ്ങൾ അവിടെ യുദ്ധം ചെയ്യുന്നതാണ്.' നബി(സ)തിരുമേനി ഹദ്റത്ത് ഉമർ ഫറൂഖിനോട് പറഞ്ഞു: അയാളോട് പറയുക, 'അതേ! ഇൻശാ അല്ലാഹ്.' അങ്ങനെ ജനങ്ങൾ പിരിഞ്ഞുപോയി. ഖുറയ്ശികൾ തിരിച്ചുപോയി. അവർ തങ്ങളുടെ ആളുകളോട് ഈ വാഗ്ദാനത്തെ പറ്റി പറഞ്ഞു. ബദ്ർ മക്കയ്ക്കും മദീനക്കുമിടയിൽ പ്രസിദ്ധമായൊരു കിണറാകുന്നു. അത് സ്വഫ്റാഇന്റേയും ജാറിന്റേയും താഴ്‌വരകൾക്കിടയിലാണ് സ്ഥിതി ചെയ്യുന്നത്. ബദ്ർ മദീനയുടെ തെക്ക് 150 കിലോമീറ്റർ ദൂരെയാണ്. ജാഹ്‌ലിയാ കാലത്ത് എല്ലാ വർഷവും അവിടെ ദുൽഖഅ്ദ് മാസം ഒന്നാം തിയതി 8 ദിവസത്തെ മേള സംഘടിപ്പിച്ചിരുന്നു. എതായാലും വാഗ്ദാനത്തിന്റെ സമയം അടുത്തടുത്ത് വരികയാണ്. അബൂസുഫ്‌യാൻ നബി(സ)തിരുമേനിയുടെ അടുക്കൽ വരാൻ ഇഷ്ടപ്പെടുന്നുണ്ടായിരുന്നില്ല. അയാൾക്ക് ഭയമുണ്ടായിരുന്നു. ഈ നിശ്ചിത സമയത്ത് നബി(സ)തിരുമേനിയുമായി കൂടിക്കാഴ്ച ഉണ്ടാകരുതെന്ന് അയാൾ ആഗ്രഹിച്ചിരുന്നു. അയാൾ വളരെ ശക്തമായ സൈന്യവുമായി നബി(സ)തിരുമേനിയെ ആക്രമിക്കാൻ തയ്യാറാവുകയാണെന്ന് പ്രകടിപ്പിക്കാനും അയാൾ വലിയ സൈന്യത്തെ സംഘടിപ്പിച്ച് കൊണ്ടിരിക്കുകയാണെന്നും മദീനക്കാർക്കിടയിൽ വാർത്ത പരത്താനും അറേബ്യയുടെ മുക്കിലും മൂലയിലും ഈ വാർത്ത പരത്തി മുസ്‌ലിമീങ്ങളെ ഭയത്തിലാക്കാനും അയാൾ ആഗ്രഹിച്ചിരുന്നു. *(സുബുലുൽഹുദാ വർരശാദ്, വാല്യം 4, പേജ് 337, പ്രാസധകർ ദാറുൽകുതുബുൽഇൽമിയ്യ 1993)(അറ്റ്ലസ്സ് സീറത്തുന്നബി(സ), പേജ് 216, ദാറുസ്സലാം 1424 ഹിജ്റ)*
ഒരു നിവേദനപ്രകാരം ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹാജരായി പറഞ്ഞു: 'യാ റസൂലല്ലാഹ്! അല്ലാഹു തന്റെ ദീനിനെ വിജയിപ്പിക്കുന്നതാണ്. തന്റെ നബിക്ക് അന്തസ് നൽകുന്നതാണ്. നമ്മൾ സമൂഹത്തോട് വാഗ്ദാനം ചെയ്തതാണ്. ഞങ്ങൾ അത് ലംഘിക്കാൻ ഇഷ്ടപ്പെടുന്നില്ല. അതായത് അവിശ്വാസികൾ അത് ദീരുത്വമായി ഗണിക്കുന്നതാണ്. അങ്ങ് വാഗ്ദാനമനുസരിച്ച് പുറപ്പെട്ടാലും! അല്ലാഹുവാണ! അതിൽ തീർച്ചയായും അനുഗ്രഹമുണ്ടാകും.' ഈ ആവേശം കണ്ടപ്പോൾ നബി(സ)തിരുമേനി ഏറെ സന്തോഷിച്ചു. അബൂസുഫ്‌യാനും മറ്റും സൈന്യത്തിന്റെ തയ്യാറെടുപ്പ് നടത്തുന്നുവെന്ന് നബി(സ)തിരുമേനി അറിഞ്ഞപ്പോൾ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹയെ, തന്റെ അഭാവത്തിൽ മദീനയിലെ അമീർ ആയി നിശ്ചയിച്ചു. മറ്റൊരു നിവേദനത്തിൽ, അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സലൂലിനെ അമീർ ആയി നിശ്ചയിച്ചുവെന്നും വന്നിട്ടുണ്ട്. തന്റെ പതാക ഹദ്റത്ത് അലിക്ക് നൽകി. അങ്ങനെ മുസ്‌ലിമീങ്ങളോടൊപ്പം ബദ്റിലേക്ക് അവിടന്ന് തിരിച്ചു. നബി(സ)തിരുമേനിയോടൊപ്പം 1500 മുസ്‌ലിമീങ്ങളുണ്ടായിരുന്നു. മുസ്‌ലിമീങ്ങൾ ബദ്ർ പ്രദേശത്ത് നടന്നിരുന്ന മേളയിൽ കച്ചവടം നടത്തി നല്ലപോലെ ലാഭമുണ്ടാക്കി. 8 ദിവസം തമ്പടിച്ചതിനുശേഷം തിരിച്ച് മദീനയിലേക്ക് മടങ്ങി. *(സുബുലുൽഹുദാ വർരശാദ്, വാല്യം 4, പേജ് 337, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ 1993) (അത്ത്വബഖാത്തുൽകുബ്റാ വാല്യം 2, പേജ് 46, ഗസ് വത്തുർറസൂൽ(സ)ബദ്റുൽമൗയിദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2017)*
അവിടെ നടന്നിരുന്ന മേളയിൽ മുസ്‌ലിമീങ്ങൾ കച്ചവടം നടത്തി. ഇനി യുദ്ധമുണ്ടായാൽ അതെന്തായാലും ഉണ്ടാകുന്നതു തന്നെയാണ്. ഇനി അതല്ലെങ്കിൽ ചുരുങ്ങിയത് കച്ചവടം നടക്കട്ടെ. അതിൽനിന്ന് മുസ്‌ലിമീങ്ങൾക്ക് നല്ല ലാഭവും കിട്ടി. ഉഹുദ് യുദ്ധത്തിൽ അബൂസുഫ്‌യാൻ, മുസ്‌ലിമീങ്ങളോട് അടുത്ത വർഷം വീണ്ടും കാണാമെന്ന വെല്ലുവിളി നടത്തിയതിനെ പറ്റി കൂടുതൽ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: ഉഹുദ് യുദ്ധത്തിനു ശേഷം രണാങ്കണത്തിൽനിന്ന് തിരിക്കുമ്പോൾ അബൂസുഫ്‌യാൻ മുസ്‌ലിമീങ്ങളെ വെല്ലുവിളിച്ചുകൊണ്ട് പറഞ്ഞു: 'അടുത്ത വർഷം ബദ്ർ എന്ന സ്ഥലത്ത് നമുക്ക് യുദ്ധം ചെയ്യാം. നബി(സ)തിരുമേനി ഈ വെല്ലുവിളി ഏറ്റെടുത്തിരിക്കുന്നുവെന്ന് വിളംബരപ്പെടുത്താൻ സ്വഹാബത്തിനോടു പറഞ്ഞു. അതുകൊണ്ട് അടുത്ത വർഷം അതായത് ഹിജ്റ 4-ാം വർഷം ശവ്വാൽ മാസം അവസാനമായപ്പോൾ നബി(സ)തിരുമേനി 1500 സ്വഹാബാക്കളുമായി മദീനയിൽനിന്ന് പുറപ്പെട്ടു. തന്റെ അഭാവത്തിൽ അബ്ദുല്ലാഹ് ബിൻ ഉബയ്യിനെ അമീറായി നിശ്ചയിച്ചു. മറുഭാഗത്ത് അബൂസുഫ്‌യാൻ ബിൻ ഹർബും 2000 ഖുറയ്ശികളുടെ സൈന്യവുമായി മക്കയിൽ നിന്നു പുറപ്പെട്ടു. എന്നാൽ, ഉഹുദിൽ വിജയമുണ്ടായിട്ടും വലിയൊരു സൈന്യം കൂടെയുണ്ടായിട്ടും അയാളുടെ മനസ് ഭയപ്പാടിലായിരുന്നു. ഇസ്‌ലാമിന്റെ നാശം ആഗ്രഹിക്കുന്നുവെങ്കിലും വലിയൊരു സൈന്യം വ്യൂഹമില്ലാതെ മുസ്‌ലിമീങ്ങളെ നേരിടാൻ അയാൾക്ക് താൽപര്യമില്ലായിരുന്നു. അങ്ങനെ അയാൾ മക്കയിലുള്ളപ്പോൾത്തന്നെ നുഐം എന്നു പേരുള്ള ഒരു ചേരിയിലുംപെടാത്ത ഗോത്രത്തിലെ ഒരാളെ മദീനയിലേക്ക് അയച്ചു. മുസ്‌ലിമീങ്ങളെ ഭയപ്പെടുത്തിയും, കളവ് സത്യമാണെന്ന രീതിയിൽ പറഞ്ഞും യുദ്ധത്തിന് പുറപ്പെടുന്നതിൽനിന്ന് പിന്തിരിപ്പിക്കാനും അയാൾ മദീനയിലെത്തി ഖുറയ്ശികളുടെ തയ്യാറെടുപ്പിനേയും ശക്തിയേയും ആവേശത്തേയും പറ്റി കള്ളക്കഥകൾ പറഞ്ഞുപരത്തി മദീനയിൽ ഒരു അസ്വസ്ഥത സൃഷ്ടിച്ചു. എത്രത്തോളമെന്നാൽ ചില ദുർബല പ്രകൃതമുള്ളവർ ഈ യുദ്ധത്തിൽ പങ്കെടുക്കാൻ ഭയപ്പെട്ടു തുടങ്ങി. പക്ഷേ നബി(സ)തിരുമേനി പുറപ്പെടാൻ അഹ്വാനം ചെയ്തു. നബി(സ)തിരുമേനി തന്റെ പ്രഭാഷണത്തിൽ പറഞ്ഞു: 'നമ്മൾ നിഷേധികളുടെ വെല്ലുവിളി സ്വീകരിച്ചുകൊണ്ട് ആ സന്ദർഭത്തിൽ പുറപ്പെടാൻ വാഗ്ദാനം ചെയ്തതാണ്. അതുകൊണ്ട് നമുക്ക് അത് ലംഘിക്കാൻ സാധ്യമല്ല. ഒറ്റക്ക് പോകേണ്ടി വന്നാലും ഞാൻ പോകുന്നതാണ്. ശത്രുക്കൾക്കെതിരിൽ ഞാൻ ഒറ്റക്ക് നെഞ്ചുവിരിച്ച് പോരാടുന്നതാണ്. ഇത് കേട്ടപ്പോൾ ജനങ്ങളുടെ ഭയം അകന്നു. വളരെ ആവേശത്തോടെയും ആത്മാർഥതയോടെയും നബി(സ)തിരുമേനി

യുടെ കൂടെ പുറപ്പെടാൻ തയ്യാറായി.

ഏതായാലും നബി(സ)തിരുമേനി 1500 സ്വഹാബക്കളുമായി മദീനയിൽനിന്ന് പുറപ്പെട്ടു. മറുഭാഗത്ത് അബൂസുഫ്യാൻ തന്റെ 2000 സൈന്യവുമായി മക്കയിൽനിന്നും പുറപ്പെട്ടു. എന്നാൽ, ദൈവിക ഇടപ്പെടൽ നോക്കുക. മുസ്‌ലിമീങ്ങൾ അങ്ങനെ വാഗ്ദാനമനുസരിച്ച് ബദ്റിലെത്തിയെങ്കിലും ഖുറയ്ശികളുടെ സൈന്യം കുറച്ച് ദൂരമെത്തി മക്കയിലേക്ക് തിരിച്ചുപോയി. സംഭവമെന്താണെന്നാൽ, നുഐമിന്റെ പരാജയത്തെ കുറിച്ച് അബൂസൂഫ്യാൻ അറിഞ്ഞപ്പോൾ അയാൾക്ക് ഹൃദയത്തിൽ ഭയം തുടങ്ങി. ഈ വർഷം പട്ടിണി കൂടുതലാണെന്ന് പറഞ്ഞ് തന്റെ സൈന്യത്തെ തിരിച്ചു കൊണ്ടുപോയി. അതായത് ജനങ്ങൾ ബുദ്ധിമുട്ടിലാണ് അതുകൊണ്ട് യുദ്ധം ചെയ്യുന്നത് ഉചിതമല്ല. സമൃദ്ധി ഉണ്ടാകുമ്പോൾ മദീനയെ ആക്രമിക്കുന്നതാണ്. ഇസ്‌ലാമിക സൈന്യം 8 ദിവസം ബദ്റിൽ തങ്ങി. ദുൽഖഅ്ദ് മാസം എല്ലാ വർഷവും അവിടെ മേള നടക്കുമായിരുന്നു. (അതേ പറ്റി നേരത്തെ പരാമർശിച്ചതാണ്). ഈ ദിവസങ്ങളിൽ നിരവധി സ്വഹാബാക്കൾ ഈ മേളയിൽ കച്ചവടം നടത്തി നല്ലപോലെ ലാഭമുണ്ടാക്കി. എത്രത്തോളമെന്നാൽ അവർ 8 ദിവസം കച്ചവടം നടത്തി തങ്ങളുടെ മൂലധനം ഇരട്ടിയാക്കി. അങ്ങനെ മേള അവസാനിക്കുകയും ഖുറയ്ശികളുടെ സൈന്യം വരാതിരിക്കുകയും ചെയ്തപ്പോൾ നബി(സ)തിരുമേനി ബദ്റിൽനിന്ന് തിരിച്ച് മദീനയിലെത്തി. ഖുറയ്ശികൾ മക്കയിലെത്തി മദീനയെ ആക്രമിക്കാൻ തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരുന്നു. ഇത് ബദ്റുൽ മൗയിദ് യുദ്ധം എന്ന് അറിയപ്പെടുന്നു. *(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 529–530)*

ബനൂ മുസ്ത്വലിഖ് ഒരു യുദ്ധമുണ്ട്. ഇത് ഹിജ്റ 5-ാം വർഷം ശഅ്ബാൻ മാസത്തിലാണ് നടന്നത്. ഇതേപറ്റി പറയുന്നു: ബനൂ മുസ്ത്വലിഖ് യുദ്ധത്തിന്റെ വേറൊരു പേര് മുറയ്സീഅ് യുദ്ധം എന്നുമുണ്ട്.*(കിതാബുൽമഗാസി ലിൽവാഖിദി, വാല്യം 1, പേജ് 341, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2013)* ബനൂ മുസ്ത്വലിഖ് ഖുസാആയുടെ ശാഖയാണ്. ഈ ഗോത്രം ഒരു കിണറിന്റെ സമീപമാണ് വസിച്ചിരുന്നത്. അതിനെ മുറയ്സീഅ് എന്നാണ് പറഞ്ഞിരുന്നത്. അത് ഫുറൂയിൽ നിന്ന് ഒരു ദിവസത്തെ യാത്രാ ദൂരത്താണ്. ഫുറൂയിനും മദീനക്കുമിടയിൽ എകദേശം 96 മൈൽ ദൂരമുണ്ട്.*(അത്ത്വബഖാത്തുൽകുബ്റാ ഭാഗം 2, പേജ് 48, ഗസ് വത്തുർറസൂൽ(സ) അൽമുറയ്സീഅ് ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)(അൽമുൻജിദ് ബുർദ് എന്ന പദം)*

അല്ലാമ ഇബ്നു ഇസ്ഹാഖിന്റെ വീക്ഷണത്തിൽ ബനൂ മുസ്ത്വലിഖ് യുദ്ധം ഹിജ്റ 5-ാം വർഷമാണ് നടന്നത്. മൂസാ ബിൻ ഉഖ്ബയുടെ വീക്ഷണത്തിൽ ഹിജ്റ 4-ാം വർഷം ശഅ്ബാനിലാണ് നടന്നത്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)ഹിജ്റ 5-ാം വർഷമാണെന്ന് എഴുതിയിട്ടുണ്ട്. ഏതായിരുന്നാലും നബി(സ)തിരുമേനി, ബനൂ മുസ്ത്വലിഖ് മുസ്‌ലിമീങ്ങളെ ആക്രമിക്കാൻ ഉദ്ദേശിക്കുന്നുവെന്നറിഞ്ഞപ്പോൾ അവിടന്ന് ഹിജ്റ 5-ാം വർഷം ശഅ്ബാനിൽ 700 സ്വഹാബാക്കളോടൊപ്പം അവരെ നേരിടാൻ പുറപ്പെട്ടു. നബി(സ) തിരുമേനി മുഹാജിരീങ്ങളുടെ പതാക ഹദ്റത്ത് അബൂബക്ർ(റ)നെ ഏൽപിച്ചു. മറ്റൊരു നിവേദനത്തിൽ മുഹാജിരീങ്ങളുടെ പതാക ഹദ്റത്ത് അമ്മാർ ബിൻ യാസിറിനേയും അൻസ്വാറിന്റെ പതാക ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയേയുമാണ് ഏൽപിച്ചതെന്നും വന്നിട്ടുണ്ട്.*(അൽബിദായ വന്നിഹായ, വാല്യം 4, ഭാഗം 4, പേജ് 169–170, ഗസ്‌വയെ ബനൂ മുസ്ത്വലിഖ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്)*

ഇഫ്ക് സംഭവം: ഇതു സംബന്ധിച്ച വിശദീകരണം ഇപ്രകാരമാകുന്നു. ബനൂ മുസ്ത്വലിഖ് യുദ്ധത്തിൽനിന്ന് തിരിച്ചു വരുമ്പോൾ ഹദ്റത്ത് ആഇശ ബിൻത് അബൂബക്റിനെ പറ്റി മുനാഫിഖീങ്ങൾ അപവരാധം പറഞ്ഞ് പരത്താൻ തുടങ്ങി. ഈ സംഭവം ചരിത്രത്തിൽ 'ഇഫ്ക് സംഭവം' എന്ന് അറിയപ്പെടുന്നു. സ്വഹീഹ് ബുഖാരിയിൽ ഹദ്റത്ത് ആഇശയിൽ നിന്നുള്ള നിവേദനം: ഈ നിവേദനം നേരത്തെ ഒരു സ്വഹാബിയെ കുറിച്ചും വിവരിച്ചതാണ്. *(ഖുത്ബ ജുമുഅ, 2018 ഡിസംബർ 14, പ്രസാധനം അൽഫളിൽ ഇന്റർനാഷണൽ 2019 ജനുവരി 4, പേജ് 6–7)*

പക്ഷേ, ഇവിടെ ഹദ്റത്ത് അബൂബക്ർ(റ)നെ സംബന്ധിച്ചും വിവരിക്കേണ്ടത് അനിവാര്യമാണ്.

നബി(സ)തിരുമേനി യാത്രക്കൊരുങ്ങുമ്പോൾ തന്റെ സഹധർമിണിമാർക്കിടയിൽ നറുക്കിടുമായിരുന്നു. നിവേദനത്തിൽ എഴുതുന്നു: 'ഹദ്റത്ത് ആഇശ(റ)നിവേദനം. പിന്നെ ആർക്ക് നറുക്കാണോ വരുന്നത് അവരെ കൂടെ കൂട്ടുമായിരുന്നു. നബി(സ)തിരുമേനി ഒരു യുദ്ധത്തിന് പോകാൻ ഞങ്ങൾക്കിടയിൽ നറുക്കിട്ടു. ഹദ്റത്ത് ആഇശ(റ) പറയുന്നു: എനിക്കാണ് നറുക്ക് വീണത്. ഞാൻ നബി(സ)തിരുമേനിയോടൊപ്പം പോയി. ഇത് പർദയുടെ കൽപന വന്ന ശേഷമായിരുന്നു. പറയുന്നു: എന്നെ പല്ലക്കിൽ എടുക്കുകയും അതിൽനിന്ന് ഇറക്കുകയും ചെയ്തിരുന്നു. ഞങ്ങൾ മുന്നോട്ട് നീങ്ങിക്കൊണ്ടിരുന്നു. അങ്ങനെ നബി(സ)തിരുമേനി യുദ്ധത്തിൽനിന്ന് തിരിച്ചുവന്നു. ഞങ്ങൾ മദീനക്ക് അടുത്തെത്തി. നബി(സ)തിരുമേനി ഒരു രാത്രി യാത്രപുറപെടാൻ കൽപിച്ചു. ജനങ്ങൾ പുറപെടാൻ വിളംബരപ്പെടുത്തിയപ്പോൾ ഞാൻ ഏഴുന്നേറ്റ് നടന്ന് തുടങ്ങി. സൈന്യത്തിന് കുറേ മുന്നിലെത്തി. ഞാൻ പ്രാഥമിക കാര്യങ്ങൾക്കുശേഷം പല്ലക്കിന്റെ അടുക്കലെത്തി. ഞാൻ എന്റെ നെഞ്ചിൽ കൈവെച്ചപ്പോൾ, അള്ഫാർ രത്നംപതിച്ച എന്റെ മാല പൊട്ടിയതാണ് കാണുന്നത്. ഏതായാലും പറയുന്നു, ഞാൻ തിരിച്ചുപോയി, എന്റെ മാല തിരയാൻ തുടങ്ങി. ആ തിരച്ചിൽ (മുന്നോട്ട്പോകാൻ) എനിക്ക് തടസമായി. ഞാൻ ഇരുന്നിരുന്ന പല്ലക്കേറ്റുന്നവർ വന്ന് അതെടുത്ത് ഞാൻ യാത്ര ചെയ്തിരുന്ന ഒട്ടകപ്പുറത്ത് വെച്ചു. അവർ കരുതിയത് ഞാൻ അതിലുണ്ടെന്നാണ്. കാരണം സ്ത്രീകൾ അക്കാലത്ത് മെലിഞ്ഞ പ്രകൃതമുള്ളവരായിരുന്നു. ശരീരത്തിൽ അധികം മാംസം ഇല്ലായിരുന്നു. അൽപ്പം മാത്രമേ ഭക്ഷണം കഴിച്ചിരുന്നുള്ളു. ഏതായിരുന്നാലും പല്ലക്ക് ഏറ്റുന്നവർക്ക് സാധാരണത്തേതിൽ കവിഞ്ഞ ഭാരം തോന്നിയില്ല. അവർ അതെടുത്തു നടന്നു. ഞാൻ ചെറിയ പ്രായത്തിലുള്ള കുട്ടിയായിരുന്നു. അവർ ഒട്ടകത്തെ എഴുന്നേൽപ്പിക്കുകയും പുറപ്പെടുകയും ചെയ്തു. സൈന്യം പോയതിനു ശേഷം എനിക്ക് മാല കിട്ടി. ഞാൻ(സൈന്യം)തമ്പടിച്ച സ്ഥലത്തെത്തി. അവിടെ ആരുമുണ്ടായിരുന്നില്ല. ഞാൻ കരുതിയത് അവർ എന്നെ കാണാതെ ആകുമ്പോൾ തിരിച്ചു വരുമെന്നാണ്. ഈ അവസ്ഥയിൽ ഞാൻ അവിടെ ഇരുന്നു. എന്റെ കണ്ണ് അടയുകയും ഞാൻ ഉറങ്ങിപോവുകയും ചെയ്തു. സ്വഫ്‌വാൻ ബിൻ മുഅത്ത്വൽ സുലമീ ദക്‌വാനീ സൈന്യത്തിന്റെ ഏറ്റവും പിന്നിലായിരുന്നു. അദ്ദേഹം രാവിലെ എന്റെ താവളത്തിലെത്തി. അവിടെ അദ്ദേഹം ഒരു മനുഷ്യരൂപം കാണുന്നു. പർദ്ദയുടെ കൽപന ഇറങ്ങുന്നതിനുമുമ്പേ അദ്ദേഹം എന്നെ കണ്ടിട്ടുണ്ടായിരുന്നു. അദ്ദേഹം ഇന്നലില്ലാഹ് എന്ന് ചൊല്ലിയപ്പോൾ ഞാൻ ഉറക്കമുണർന്നു. അദ്ദേഹം തന്റെ ഒട്ടകത്തിൽ ഇരുത്തുകയും ഒട്ടകം കാലു വളയ്ക്കുകയും ചെയ്തപ്പോൾ അതായത് ഒട്ടകം ഇരുന്നു കഴിഞ്ഞപ്പോൾ ഞാൻ അതിൽ യാത്ര പുറപ്പെട്ട് എന്റെ സവാരിയുമായി നീങ്ങി. അങ്ങനെ ഞങ്ങൾ സൈന്യത്തിന്റെ കൂട്ടത്തിലെത്തിയ ശേഷം ജനങ്ങൾ ഉച്ച സമയത്ത് വിശ്രമിക്കുന്നതിനുവേണ്ടി തമ്പടിക്കുകയുണ്ടായി.

തുടർന്ന് ആ നശിക്കേണ്ടവന് നാശം വന്നു. അപരാധം പറഞ്ഞുപരത്തിയതിന്റെ ഉപജ്ഞാതാവ് അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സലൂൽ ആയിരുന്നു. ഞങ്ങൾ മദീനയിലെത്തി ഞാൻ അവിടെ ഒരു മാസം രോഗിയായിരുന്നു. ജനങ്ങൾ അപരാധം പറഞ്ഞുപരത്തുന്നവരുടെ വർത്തമാനങ്ങളിൽ മുഴുകി. നബി(സ)തിരുമേനിയിൽനിന്ന് കണ്ടിരുന്ന വാത്സല്യം കാണാതായപ്പോൾ എന്റെ അസുഖത്തിന്റെ അസ്വസ്ഥത എനിക്ക് വർധിച്ചു. ഞാൻ രോഗിയായപ്പോൾ നബി(സ)തിരുമേനി അകത്തുവന്ന് സലാം പറയുകയും എങ്ങനെയുണ്ടെന്ന് ചോദിക്കുകയും മാത്രം ചെയ്തു. എനിക്ക് ഈ സംഭവത്തെ കുറിച്ച് അതായത് അപരാധത്തെ പറ്റി ഒരു അറിവുമില്ലായിരുന്നു. ഞാൻ കൂടുതൽ ക്ഷീണിതയായപ്പോൾ ഞാനും ഉമ്മു മുസ്ത്വഹും പ്രാഥമിക കർമങ്ങൾ നിർവഹിക്കാറുണ്ടായിരുന്ന മനാസിഅ്ലേക്ക് പോയി. രാത്രിക്കു രാത്രിതന്നെയാണ് ഞങ്ങൾ പോയി വന്നിരുന്നത്. രാത്രിയാകുന്നതുവരെ കാത്തിരിക്കുകയായിരുന്നു. ഞങ്ങളുടെ വീടുകൾക്ക് അടുത്ത് ശൗചാലയങ്ങൾ ഉണ്ടാകുന്നതിനു മുമ്പേയുള്ള കാര്യങ്ങളാണ് ഇത്. അക്കാലത്ത് വീടുകളിൽ ശൗചാലയങ്ങൾ ഇല്ലായിരുന്നു. ഏതായിരുന്നാലും പറയുന്നു, ഞങ്ങളുടെ അവസ്ഥ അറബികളുടേതുപോലെയായിരുന്നു. കാടുകളിൽ പോയാണ് പ്രാഥമിക കൃത്യങ്ങൾ നിർവഹിച്ചിരുന്നത്. ഞാനും ഉമ്മുമുസ്തഹ് ബിൻത് അബുറുഹ്മും പോയി. ഞങ്ങൾ നടക്കുകയായിരുന്നു. അവർ മൂടുപടം അൽപ്പം മാറ്റി പറഞ്ഞു, മുസ്തഹ് നശിച്ചു പോയിരിക്കുന്നു. ഞാൻ ചോദിച്ചു: നീ എന്താണ് ഇങ്ങനെ മോശം കാര്യങ്ങൾ പറയുന്നത്? ബദ്റിലുണ്ടായിരുന്ന അദ്ദേഹത്തെ പറ്റി നീ എത്ര മോശമായാണ് പറയുന്നത്? അപ്പോൾ അവർ പറഞ്ഞു: 'അല്ലയോ നിഷ്കളങ്കയായ പെൺകുട്ടി! ജനങ്ങൾ പറയുന്നതൊന്നും കേട്ടില്ലേ?' അങ്ങനെ അവർ അപരാധം പറയുന്നവരുടെ കാര്യങ്ങൾ എല്ലാം പറഞ്ഞു തന്നു. അപ്പോൾ എന്റെ അസുഖം കൂടുതൽ വർധിച്ചു. ഞാൻ എന്റെ വീട്ടിൽ തിരികെ എത്തി. നബി(സ)തിരുമേനി അടുത്തു വരുകയും സലാം പറയുകയും എങ്ങനെ ഉണ്ടെന്ന് ചോദിക്കുകയും ചെയ്തു. ഞാൻ

പറഞ്ഞു, എനിക്ക് എന്റെ മാതാപിതാക്കളുടെ അടുത്തേക്ക് പോവാൻ അനുവാദം തന്നാലും. ഹദ്റത്ത് ആഇശ[റ] പറയുന്നു: എനിക്ക് എന്റെ മാതാപിതാക്കളുടെ അടുത്തേക്ക് പോകാൻ അനുവാദം വേണം. ഞാൻ എന്റെ മാതാപിതാക്കളുടെ അടുത്തെത്തി, എന്റെ ഉമ്മയോടു പറഞ്ഞു: 'ജനങ്ങൾ എന്താണ് ഈ പറഞ്ഞുകൊണ്ടിരിക്കുന്നത്?' അവർ പറഞ്ഞു: 'എന്റെ മകളേ! ഈ കാര്യത്തിൽ നീ നിന്റെ മനസ്സിന് ഭാരം കൊടുക്കേണ്ട. അല്ലാഹുവാണ! ഒരാൾക്ക് മനോഹരിയായ ഭാര്യ ഉണ്ടായിരിക്കുകയും അദ്ദേഹം അവളെ സ്നേഹിക്കുകയും അദ്ദേഹത്തിന് വേറെയും ഭാര്യമാർ ഉണ്ടായിരിക്കുകയും ചെയ്യുമ്പോൾ ആ ഭാര്യക്കെതിരിൽ വർത്തമാനങ്ങൾ ഉണ്ടാകാതിരിക്കുക അപൂർവ്വമാണ്.' ഞാൻ പറഞ്ഞു: 'സുബ്ഹാനല്ലാഹ്..... ജനങ്ങൾ ഇങ്ങനെയൊക്കെ ആണോ ചർച്ച ചെയ്യുന്നത്?' അവർ അതായത് ഹദ്റത്ത് ആഇശ[റ] പറയുന്നു: ഞാൻ ആ രാത്രി അങ്ങനെ തന്നെ നേരം വെളുപ്പിച്ചു. എന്റെ കണ്ണുനീർ തോരുകയോ എനിക്ക് അൽപ്പംപോലും ഉറക്കം വരുകയോ ചെയ്തിരുന്നില്ല.

പിന്നെ രാവിലെയായപ്പോൾ നബി[സ]തിരുമേനി, ഹദ്റത്ത് അലി ബിൻ അബൂത്വാലിബിനേയും, ഹദ്റത്ത് ഉസാമ ബിൻ സയ്ദിനേയും വിളിച്ചു. വഹ്‌യ് ഇറങ്ങാൻ താമസം വന്നപ്പോൾ നബി[സ]തിരുമേനി അവർ രണ്ട് പേരോടും തന്റെ ഭാര്യയെ ഉപേക്ഷിക്കുന്നതിനെ സംബന്ധിച്ച് അഭിപ്രായം ചോദിച്ചു. ഹദ്റത്ത് ഉസാമ തനിക്ക് അറിയുമ്പോലെ അഭിപ്രായം പറഞ്ഞു: അതായത് നബി[സ]തിരുമേനിക്ക് ആഇശയുടെ ബന്ധത്തിനുശേഷം ഹദ്റത്ത് ആഇശയുമായും ആഇശയുടെ അവസ്ഥകളെ കുറിച്ചും അവർ നല്ല സ്ത്രീയാണെന്ന് അറിയാമായിരുന്നു. ഏതായാലും ഹദ്റത്ത് ഉസാമ പറഞ്ഞു: 'യാ റസൂലല്ലാഹ്, അവർ അങ്ങയുടെ ഭാര്യയണ്. അല്ലാഹുവാണ! ഞങ്ങൾ അവരിൽ നന്മയല്ലാതെ മറ്റൊന്നും കാണുന്നില്ല.'

ഹദ്റത്ത് അലി ബിൻ അബൂതാലിബ് പറഞ്ഞു: 'യാ റസൂലല്ലാഹ്! അല്ലാഹു അങ്ങയ്ക്ക് പ്രയാസങ്ങളൊന്നുമുണ്ടാക്കിയിട്ടില്ല. അവരെക്കൂടാതെ വേറെയും ഒരുപാട് സ്ത്രീകളുണ്ട്. ഈ വേലക്കാരിയോട് ചോദിച്ചു നോക്കുക. അവർ അങ്ങയോട് സത്യം പറയുന്നതാണ്. അങ്ങനെ നബി[സ]തിരുമേനി ബരീറയെ വിളിപ്പിച്ചു. നബി[സ]തിരുമേനി ചോദിച്ചു: ബരീറാ! നിന്നെ സംശയത്തിലാക്കുന്ന വല്ല കാര്യവും നീ അവരിൽ കണ്ടിട്ടുണ്ടോ?' ബരീറ പറഞ്ഞു: 'അങ്ങയെ സത്യവുമായി അയച്ചവനെക്കൊണ്ട് സത്യം! ഞാൻ അവരിൽ ഒരു ന്യൂനതയും കാണുന്നില്ല. അവർ ചെറിയ പ്രായത്തിലുള്ള പെൺകുട്ടിയാണ്. അതുകൊണ്ട് മാവ് കുഴച്ചുവെച്ച് ഉറങ്ങിപോവാറുണ്ട്. അത് ആട് വന്ന് കഴിക്കാറുമുണ്ട്.' അപ്പോൾ നബി[സ]തിരുമേനി ആ ദിവസം എഴുന്നേല്ക്കുകയും അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സലൂലിനെ സംബന്ധിച്ച് ഒഴിവ് കഴിവ് ആഗ്രഹിക്കുകയും ചെയ്തു. നബി[സ] പറഞ്ഞു: 'എനിക്ക് എന്റെ കുടുംബത്തെ കുറിച്ച് പ്രയാസം ഉണ്ടാക്കിയവർക്കുവേണ്ടി ഒഴിവ് കഴിവ് ആഗ്രഹിക്കുന്നവരാരാണ്? അല്ലാഹുവാണ! ഞാൻ എന്റെ കുടുംബത്തിൽ നന്മയല്ലാതെ മറ്റൊന്നും അറിയുന്നില്ല. ജനങ്ങൾ പറയുന്ന ആളെ സംബന്ധിച്ചും നന്മയല്ലാതെ എനിക്കൊന്നും അറിയില്ല. എന്റെ കൂടെയല്ലാതെ അയാൾ എന്റെ വീട്ടിൽ വരാറുമില്ല.' ഹദ്റത്ത് സഅ്ദ് ബിൻ മുആദ് എഴുന്നേറ്റ് നിന്ന് പറഞ്ഞു: 'അല്ലാഹുവാണ! ഞാൻ അയാളുടെ കാര്യത്തിൽ അങ്ങയെ കുറ്റക്കാരനായി കാണുന്നില്ല. അയാൾ ഔസിൽ നിന്നുള്ള ആളാണെങ്കിൽ ഞങ്ങൾ അയാളുടെ തല കൊയ്യുന്നതാണ്. ഇനി അയാൾ ഞങ്ങളുടെ സഹോദരങ്ങളായ ഹസ്റജിൽനിന്നാണെങ്കിൽ താങ്കൾ ഞങ്ങളോട് കൽപ്പിക്കുന്നത് അനുസരിച്ച് ചെയ്യുന്നതാണ്.' അപ്പോൾ ഹസ്റജ് നേതാവായ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ എഴുന്നേറ്റു നിന്നു. നേരത്തേ അദ്ദേഹം നിഷ്കളങ്കനായിരുന്നു. എന്നാൽ, സമൂഹത്തിന്റെ പിന്തുണ അദ്ദേഹത്തിന് പ്രേരണ നൽകുകയാണ്. 'നിങ്ങൾ പറഞ്ഞത് തെറ്റാണ്. അല്ലാഹുവാണ! നിങ്ങൾ അയാളെ കൊല്ലുകയില്ല. അതായത് പരസ്പരം ഗോത്രങ്ങൾക്കിടയിൽ വഴക്കായി. അതിന് നിങ്ങൾക്ക് കഴിവുമില്ല.' ഹദ്റത്ത് ഉസയ്ദ് ബിൻ ഹുളയ്ർ എഴുന്നേറ്റു. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ തെറ്റാണ് പറയുന്നത്. അല്ലാഹുവാണ! ഞങ്ങൾ തീർച്ചയായും അയാളെ കൊല്ലുന്നതാണ്. നീ മുനാഫിക്കാണ്. മുനാഫിക്കീങ്ങളെപോലെ വഴക്കിടുന്നു.' തുടർന്ന് രണ്ട് ഗോത്രങ്ങളും ഔസും, ഹസ്റജും കോപാകുലരായി. അങ്ങനെ അവർ പരസ്പരം പോരടിക്കാൻ തയ്യാറായി. നബി[സ]തിരുമേനി മിമ്പറിൽതന്നെ ഉണ്ടായിരുന്നു. നബി[സ]തിരുമേനി താഴേക്ക് ഇറങ്ങി വന്നു. അവരും സമാധാനത്തിന് ഒരുങ്ങി. അവർ നിശബ്ദരായി. തിരുനബിയും മൗനം ദീക്ഷിച്ചു.

ഹദ്റത്ത് ആഇശ[റ] പറയുന്നു: 'ഞാൻ പകൽ മുഴുവനും കരഞ്ഞുകൊണ്ടിരുന്നു. ഈ സംഭവം നബി[സ]തിരുമേനിക്ക് മനസിലായി. ഹദ്റത്ത് ആഇശ പറയുകയാണ്, യഥാർഥ സംഗതി ഏതായാലും നടന്നുകൊണ്ടിരിക്കുന്നു. ഞാൻ പകൽ മുഴുവനും കരഞ്ഞുകൊണ്ടിരുന്നു. എന്റെ കണ്ണുനീർ തോരുകയോ എനിക്ക് ഉറക്കം വരുകയോ ചെയ്തിരുന്നില്ല. എന്റെ മാതാപിതാക്കൾ എന്റെ അടുക്കൽ വന്നു. ഞാൻ രണ്ട് രാത്രിയും ഒരു പകലും കരഞ്ഞുകൊണ്ടിരുന്നു. ഇങ്ങനെ കരഞ്ഞുകൊണ്ട് ഇരിക്കുന്നത് എന്റെ കരളിനെ തകർക്കുമെന്ന് എനിക്ക് തോന്നിതുടങ്ങി. മാതാപിതാക്കൾ ഹദ്റത്ത് ആഇശ[റ]യുടെ അടുത്ത് ഇരിക്കുകയായിരുന്നു. ഞാൻ കരയുകയും ആയിരുന്നു. ഒരു അൻസ്വാരി സ്ത്രീ അകത്തു വരുവാൻ അനുവാദം ചോദിച്ചു. ഞാൻ അവർക്ക് അനുമതി നൽകി. അവർ ഇരുന്ന് എന്നോടൊപ്പം കരയാൻ തുടങ്ങി. ഈ അവസ്ഥയിൽ നബി[സ]തിരുമേനി അകത്ത് വന്നിരുന്നു. എന്നെ പറ്റി പറഞ്ഞു കേട്ടതിനു ശേഷം നബി[സ]തിരുമേനി എന്റെ അടുത്ത് ഇരുന്നിട്ടുണ്ടായിരുന്നില്ല. നബി[സ]തിരുമേനി ഒരു മാസം ഇങ്ങനെ തന്നെയാണ് കഴിഞ്ഞിരുന്നത്. എന്നെ സംബന്ധിച്ച് നബി[സ]തിരുമേനിക്ക് ഒരു വഹ്‌യും ഉണ്ടായിരുന്നില്ല. ഹദ്റത്ത് ആഇശ[റ] പറയുന്നു: നബി[സ]തിരുമേനി തശഹ്ഹുദ് ചൊല്ലി, എന്നിട്ടു പറഞ്ഞു ആഇശാ!നിന്നെ കുറിച്ച് ഈ കാര്യങ്ങൾ ഞാൻ കേട്ടിരിക്കുന്നു. നീ നിരപരാധിയാണെങ്കിൽ തീർച്ചയായും അല്ലാഹു നിന്റെ നിരപരാധിത്വം വെളിപ്പെടുത്തുന്നതാണ്. ഇനി നിന്നിൽനിന്ന് വല്ല ഇടർച്ചയും ഉണ്ടായിട്ടുണ്ടെങ്കിൽ അല്ലാഹുവിനോട് പൊറുക്കലിനെ തേടുക. അവന്റെ സവിധത്തിൽ പശ്ചാത്തപിക്കുക. കാരണം ദാസൻ തന്റെ കുറ്റം സമ്മതിച്ച് അവനോട് പശ്ചാത്തപിച്ചാൽ അല്ലാഹുവും അവനിലേക്ക് കാരുണ്യത്തോടെ മടങ്ങുന്നതാണ്.

നബി[സ]തിരുമേനി തന്റെ സംസാരം നിറുത്തിയപ്പോൾ എന്റെ കണ്ണീർ തോർന്നു. എനിക്ക് ഒരു തുള്ളി കണ്ണീർപോലും അനുഭവപ്പെട്ടില്ല. ഞാൻ എന്റെ പിതാവ് ഹദ്റത്ത് അബൂബക്റിനോട് പറഞ്ഞു: നബി[സ]തിരുമേനിക്ക് എനിക്കുവേണ്ടി മറുപടി കൊടുത്താലും. അദ്ദേഹം പറഞ്ഞു: അല്ലാഹുവാണ! നബി[സ]തിരുമേനിയോടു ഞാനെന്താണ് പറയേണ്ടത് എന്ന് എനിക്കറിയില്ല. പിന്നെ ഞാൻ എന്റെ ഉമ്മയോട് പറഞ്ഞു: എനിക്കുവേണ്ടി നബി[സ]തിരുമേനിയോട് മറുപടി പറഞ്ഞാലും. അവർ പറഞ്ഞു: അല്ലാഹുവാണ! നബി[സ]തിരുമേനിയോട് എന്ത് പറയണമെന്ന് എനിക്ക് അറിയില്ല.' ഹദ്റത്ത് ആഇശ[റ]പറയുന്നു: ഞാൻ ചെറിയ പ്രായത്തിലുള്ള കുട്ടിയായിരുന്നു. ഖുർആൻ കൂടുതലായി അറിയുമായിരുന്നില്ല. ഞാൻ പറഞ്ഞു: 'അല്ലാഹുവാണ! ജനങ്ങൾ പറയുന്നതിനെ സംബന്ധിച്ച് എല്ലാവരും കേട്ടതായി എനിക്കറിയാം. നിങ്ങളുടെ മനസ്സുകളിലെല്ലാം ആ കാര്യങ്ങൾ കുടിയിരിക്കുകയാണ്. നിങ്ങൾ അത് ശരിയാണെന്ന് മനസിലാക്കുന്നു. ഞാൻ നിങ്ങളോട് നിരപരാധിയാണെന്ന് പറഞ്ഞാൽ, അല്ലാഹുവിന്നറിയാം ഞാൻ തീർച്ചയായും നിരപരാധിയാണെന്ന്. നിങ്ങൾ എന്നെ സത്യവതിയാണെന്ന് മനസിലാക്കുന്നതല്ല. ഇനി

ശേഷം പേജ് 9 ൽ

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'**

*(ജുമുഅ ഖുത്ബ 4-10-2019)*

**• അമീറുൽമുഅ്മിനീന്റെ ഉപദേശം •**

**'അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊളളുന്നവർ.'**

*(ജുമുഅ ഖുത്ബ 4-10-2019)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

ഖുത്ബ ജുമുഅ 2022 ജനുവരി 21 കഴിഞ്ഞലക്കം പേജ് 12 ൽ നിന്ന് തുടർച്ച...

ആ സമയത്ത് നബി(സ)തിരുമേനി എത്രമാത്രം അസ്വസ്ഥനായിരുന്നുവെന്നാൽ ചിലപ്പോൾ അവിടന്ന് സുജൂദിൽ പോയിരുന്നു. ചിലപ്പോൾ എഴുന്നേറ്റുനിന്ന് അല്ലാഹുവിനെ വിളിച്ചിരുന്നു. നബി(സ)തിരുമേനിയുടെ പുതപ്പ് കൂടെ ക്കൂടെ തോളിൽനിന്ന് വീണുകൊണ്ടിരുന്നു. ഹദ്റത്ത് അബൂബക്ർ അത് കൂടെ ക്കൂടെ എടുത്ത് നബി(സ)തിരുമേനിക്കു മേൽ ഇട്ടുകൊണ്ടിരുന്നു. ഹദ്റത്ത് അലി(റ) പറയുന്നു: എനിക്ക് യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾ നബി(സ)തിരു മേനിയെ കുറിച്ച് ചിന്ത വരുകേയും ഞാൻ നബി(സ)തിരുമേനിയുടെ കൂടാരത്തിലേക്ക് ഓടുകയും ചെയ്യുമായിരുന്നു. എന്നാൽ, ഞാൻ പോയ സമയത്തൊക്കെ നബി(സ)തിരുമേനി സുജൂദിൽ കിടന്ന് തേങ്ങുന്നതാണ് കണ്ടത്. നബി(സ)തിരുമേനിയുടെ നാവിൽ ഞാൻ ഈ വാക്കുകളാണ് കേട്ടത്. **യാ ഹയ്യു യാ ഖയ്യൂം, യാ ഹയ്യു യാ ഖയ്യൂം** അതായത്, ജീവിച്ചിരിക്കുന്ന വനും എല്ലാത്തിനേയും നിലനിറുത്തുന്നഎന്നാൽ, 'എത്രമാത്രം ഉൾക്കാഴ്ച്ച ഉണ്ടാകുന്നുവോ അത്രമാത്രം ഭയമുണ്ടാകും 'എന്ന പഴമൊഴിയനുസരിച്ച് നബി(സ)തിരുമേനി തുടർച്ചയായി ദുആകളിലും വിലാപത്തിലും ബദ്ധശ്രദ്ധനായിരുന്നു.' *(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ),പേജ്360-361)*

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)വിവരിക്കുന്നു: 'ബദ്റിന്റെ അവസരത്തിൽ നബി(സ)തിരുമേനി യിൽ നിന്ന് വെളിപ്പെട്ടത് ഉൾക്കാഴ്ച്ചയുള്ള ഓരോരുത്തരുടേയും കണ്ണിനെ അത്ഭുത പ്പെടുത്താൻ പര്യാപ്തമാണ്. അതിൽനിന്ന് നബി(സ)തിരുമേനിയുടെ ഹൃദയത്തിൽ അല്ലാ ഹുവിനോട് എത്രമാത്രം ഭയമുണ്ടെന്ന് മനസ്സി ലാക്കാം. ബദ്ർ യുദ്ധാവസരത്തിൽ ശത്രുക്ക ളെ നേരിടാൻ നബി(സ)തിരുമേനി തങ്ങളുടെ ജീവൻ ത്യാഗം ചെയ്യാൻ സന്നദ്ധരായ യോദ്ധാക്കളേയുംകൊണ്ട് മുന്നോട്ട് ഗമിക്കു കയാണ്. ദൈവിക സഹായത്തിന്റെ അടയാ ളങ്ങളും വെളിപ്പെടുന്നുണ്ടായിരുന്നു. സത്യനി ഷേധികൾ തങ്ങളുടെ പാദങ്ങൾ ഉറപ്പി ക്കുന്നതിന് ഉറച്ച മണ്ണിലാണ് തമ്പടിച്ചത്. മുസ്ലിമീങ്ങൾക്കുവേണ്ടി അവർ പൂഴിപ്ര ദേശമാണ് വിട്ടിരുന്നത്. എന്നാൽ, അല്ലാഹു മഴ അയച്ചുകൊണ്ട് നിഷേധികളുടെ തമ്പുക ളിൽ മുഴുവൻ ചെളി നിറച്ചു. മുസ്ലിമീങ്ങളുടെ കാൽചുവടുകൾ സുഭദ്രമായി. ഇതുപോലെ മറ്റു ദൈവിക സഹായങ്ങളും വെളിപ്പെടു ന്നുണ്ടായിരുന്നു. എന്നാൽ, ഇതൊക്കെയാണെ ങ്കിലും ദൈവഭയം നബി(സ)തിരുമേനിയുടെ മനസ്സിൽ അതിജയിച്ചുനിന്നു. എല്ലാ വാഗ്ദാ നങ്ങളും അടയാളങ്ങളും ഉണ്ടായിട്ടുകൂടി അവന്റെ നിരാശ്രയത്വത്തെ ഓർത്ത് ഭയന്നി രുന്നു. മുസ്ലിമീങ്ങൾക്ക് വിജയം നല്കേണമേ എന്ന് പറഞ്ഞ് അനിയന്ത്രിതമായി അവന്റെ സവിധത്തിൽ അർഥിച്ചുകൊണ്ടിരുന്നു. ഹദ്റ ത്ത് ഇബ്നു അബ്ബാസ്(റ) പറയുന്നു: നബി(സ)തിരു മേനി ബദ്ർ യുദ്ധവേളയിൽ വൃത്താകാരമായ കൂടാരത്തിൽ ആയിരുന്നു. അല്ലയോ എന്റെ ദൈവമേ! ഞാൻ നിന്റെ ഉടമ്പടിയും വാഗ്ദാ നവും ഓർമപ്പെടുത്തുകയാണ്. അത് പൂർത്തി യാക്കാൻ അപേക്ഷിക്കുന്നു. അല്ലയോ എന്റെ നാഥാ! നീ തന്നെ മുസ്ലിമീങ്ങളെ നശിപ്പി ക്കാൻ ആഗ്രഹിച്ചാൽ ഇന്നേക്കുശേഷം നിന്നെ ആരാധിക്കുന്നവരായി ആരും അവശേഷിക്കു ന്നതല്ല.

അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ), നബി(സ)തി രുമേനിയുടെ കൈയിൽ പിടിച്ചുകൊണ്ട് പറ ഞ്ഞു: 'യാ റസൂലല്ലാഹ്! മതിയാക്കിയാലും. അങ്ങ് അങ്ങയുടെ നാഥനോട് ചെയ്യുന്ന അർ ഥനയിൽ അതിരു കടന്നിരിക്കുന്നു.' നബി(സ)തി രുമേനി ആ സമയത്ത് പുറത്തു വന്ന് പറഞ്ഞു: 'ഇനി ആ സൈന്യങ്ങൾ പരാജയപ്പെടുന്നതാണ്. അവർ പിന്തിരിഞ്ഞോടുന്നതാണ്. എന്നല്ല ഇത് അവരുടെ അവസാനത്തെ ഘട്ടമാകുന്നു. ഈ സമയം അവർക്ക് അസ്വസ്ഥതയുടേയും തിക്തഫലത്തിന്റെയും ഘട്ടമായിരിക്കും. അല്ലാ ഹ് അല്ലാഹ്!ദൈവഭയം എങ്ങനെയുള്ളതായിരു ന്നെന്നാൽ, ദൈവിക വാഗ്ദാനങ്ങളുണ്ടായിട്ടും അവൻ നിരാശ്രയനാണെന്ന ബോധമുണ്ടായി രുന്നു. എന്നാൽ, മറുഭാഗത്ത് ദൃഢവിശ്വാസവു മുണ്ടായിരുന്നു. ഹദ്റത്ത് അബൂബക്ർ ഉണർ ത്തിച്ചപ്പോൾ, ഉയർന്ന ശബ്ദത്തിൽ പറഞ്ഞു: 'ഞാൻ ഭയപ്പെടുന്നില്ല, മറിച്ച് ശത്രു പരാജിത രായി നിന്ദ്യരാകണമെന്നും ശത്രുമൂപ്പന്മാർ ഇവിടെത്തന്നെ മരിച്ചുവീഴുമെന്നും അല്ലാഹു വിൽനിന്ന് എനിക്ക് അറിയിപ്പ് കിട്ടിയിരിക്കുന്നു. പിന്നെ അങ്ങനെ തന്നെയാണ് സംഭവിച്ചതും. (സീറത്തുന്നബി(സ), അൻവാറുൽഉലൂം വാള്യം 1, പേജ് 466-467)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'വിശുദ്ധ ഖുർആനിൽ കൂടെക്കൂടെ നബി(സ) തിരുമേനിക്ക് സത്യനിഷേധികൾക്കുമേൽ വിജയം വരിക്കുമെന്ന് വാഗ്ദാനം നല്കുന്നു. പക്ഷേ, ബദ്ർ യുദ്ധം ആരംഭിച്ചപ്പോൾ അത് ഇസ്ലാമിലെ ആദ്യ യുദ്ധമായിരുന്നു. നബി(സ) തിരുമേനി കരഞ്ഞ് വിലപിച്ച് പ്രാർഥിക്കാൻ തുടങ്ങി. ഈ വാക്കുകളിൽ നബി(സ)തിരുമേനി ദുആ ചെയ്യുന്നുണ്ടായിരുന്നു. **അല്ലാഹുമ്മ ഇൻ അഹ്ലക്ത്ത ഹാദിഹിൽ ഇസ്വാബത്ത ഫലൻ തുഅ്ബദ ഫിൽഅർളി അബദൻ** 'അല്ലയോ എന്റെ അല്ലാഹുവേ! ഇന്ന് നീ ഈ സംഘത്തെ അതായത് കേവലം 313 പേ രെ നശിപ്പിക്കുകയാണെങ്കിൽ ഖിയാമത്തു വരെ ആരുംതന്നെ നിന്നെ ആരാധിക്കുന്ന വരായി ഉണ്ടാകുന്നതല്ല. ഹദ്റത്ത് അബൂ ബക്ർ(റ) നബി(സ)തിരുമേനിയുടെ പരിശുദ്ധ അധരങ്ങളിൽനിന്ന് ഈ വാക്കുകൾ കേട്ട പ്പോൾ പറഞ്ഞു: 'യാ റസൂലുല്ലാഹ്! അങ്ങ് ഇത്ര മാത്രം പരിഭ്രമിക്കാനെന്തിരിക്കുന്നു? അല്ലാ ഹു അങ്ങയ്ക്ക് വിജയം നല്കുമെന്ന് ഉറച്ച വാഗ്ദാനം നല്കിയിട്ടുണ്ട്. നബി(സ)തിരു മേനി പറഞ്ഞു: അത് സത്യംതന്നെ. പക്ഷേ, അവന്റെ നിരാശ്രയത്വത്തെയാണ് ഞാൻ ശ്രദ്ധിക്കുന്നത്. അതായത് ഏതെങ്കിലും വാഗ് ദാനം പൂർത്തിയാക്കാൻ അവൻ ബാധ്യസ്ഥ നൊന്നുമല്ലല്ലോ?'(ബറാഹീനെ അഹ്മദിയ്യ ഭാഗം 5, റൂഹാനീ ഖസാഇൻ വാള്യം 21, പേജ് 255-256)

ഘോരയുദ്ധം ആരംഭിച്ചപ്പോൾ നബി(സ)തി രുമേനി കൂടാരത്തിൽനിന്ന് താഴേക്കു വന്ന് ജനങ്ങളെ പടപൊരുതാൻ പ്രേരിപ്പിച്ചുകൊ ണ്ടിരുന്നു. ജനങ്ങൾ തങ്ങളുടെ അണികളിൽ ദൈവസ്മരണയിലായിരുന്നു. നബി(സ)തിരു മേനിയും സ്വയം നല്ലപോലെ യുദ്ധം ചെയ്തു. നബി(സ)തിരുമേനിയുടെ കൂടെതന്നെ ഹദ്റ ത്ത് അബൂബക്ർ സിദ്ദീഖും(റ) യുദ്ധം ചെയ്യു ന്നുണ്ടായിരുന്നു.

ഹദ്റത്ത് അബൂബക്റിന്റെ അനുപമായ ധീര ത പ്രകടമായി. അദ്ദേഹം എല്ലാ അക്രമിയാ യ ശത്രുവിനോടും പൊരുതാൻ തയ്യാറായി രുന്നു; അത് അദ്ദേഹത്തിന്റെ മകനായാലും ശരി. ഈ യുദ്ധത്തിൽ അദ്ദേഹത്തിന്റെ മകൻ അബ്ദുർറഹ്മാൻ, നിഷേധികളുടെ ഭാഗത്തു നിന്ന് പൊരുതാൻ വന്നിരുന്നു. അദ്ദേഹം അറ ബികളിലെ വലിയ ധൈര്യശാലിയായിട്ടാണ് ഗണിക്കപ്പെട്ടിരുന്നത്. ഖുറയ്ശികളിൽ അമ്പെ യ്ത്തിൽ വലിയ നിപുണനുമായിരുന്നു. അദ്ദേ ഹം ഇസ്ലാം സ്വീകരിച്ചതിനുശേഷം തന്റെ പിതാവ് ഹദ്റത്ത് അബൂബക്റിനോട് പറഞ്ഞു: 'ബദ്ർ ദിവസം താങ്കൾ എന്റെ കൃത്യമായ ഉന്നത്തിന് മുന്നിലുണ്ടായിരുന്നു. പക്ഷേ, ഞാൻ താങ്കളിൽനിന്ന് ഒഴിഞ്ഞുമാറി. താങ്കളെ വധിച്ചില്ല. അപ്പോൾ ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'പക്ഷേ നീ എന്റെ ഉന്നത്തിന് മുന്നിലായിരുന്നുവെങ്കിൽ ഞാൻ നിന്നിൽനിന്ന് ഒഴിഞ്ഞ് മാറുമായിരുന്നില്ല.'(സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, ശഖ്സിയ്യത്ത് ഔർ കാർനാമെ, അലി മുഹമ്മദ് സ്വലാബീ, പേജ് 108-109, മക്തബൽ ഫുർഖാൻ, പാക്കിസ്താൻ)

ഇതു പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മുസ് ലിഹ് മൗഊദ്(റ)പറയുന്നു: ഹദ്റത്ത് അബൂബ ക്ർ(റ) ഒരിക്കൽ നബി(സ)തിരുമേനിയോടൊപ്പം ഭക്ഷണത്തിനുണ്ടായിരുന്നു. വിവിധ കാര്യങ്ങ ളെ പറ്റി സംസാരം തുടങ്ങി. പിന്നീട് മുസ് ലിമായ ഹദ്റത്ത് അബൂബക്റിന്റെ മൂത്ത മകൻ ഹദ്റത്ത് അബ്ദുർറഹ്മാൻ ബദ്റിലോ ഉഹ്ദിലോ നിഷേധികളുടെ ഭാഗത്തുനിന്ന് യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അദ്ദേഹം ഭക്ഷണം കഴിക്കുമ്പോൾ സംസാരത്തിനിട യിൽ പറഞ്ഞു: 'പിതാവേ! ഈ യുദ്ധത്തിൽ ഇന്ന സ്ഥലത്തൂടെ അങ്ങ് കടന്നുപോകു മ്പോൾ ഞാൻ ആ നേരത്ത് ഒരു കല്ലിന് പിന്നിൽ ഒളിച്ചിരിക്കുകയായിരുന്നു. ഞാൻ ആഗ്രഹിച്ചിരുന്നെങ്കിൽ എനിക്ക് അങ്ങയെ കൊല്ലാമായിരുന്നു. പക്ഷേ, പിതാവിനെ എ ന്തിന് കൊല്ലണം എന്ന് കരുതി അങ്ങനെ ചെയ്തില്ല. ഹദ്റത്ത് അബൂബക്ർ(റ)മറുപ ടിയായി പറഞ്ഞു: 'അല്ലാഹു നിനക്ക് ഈമാൻ തരാനുണ്ടായിരുന്നു. അതുകൊണ്ട് നീ രക്ഷ പ്പെട്ടു. അല്ലാതെ ഞാൻ നിന്നെയാണ് കണ്ടി രുന്നതെങ്കിൽ അല്ലാഹുവാണ! ഞാൻ തീർച്ച യായും നിന്നെ വധിക്കുമായിരുന്നു.' (തഫ്സീറെ കബീർ വാള്യം 9, പേജ് 588)

നബി(സ)തിരുമേനി ബദ്ർ യുദ്ധത്തിലെ ബ ന്ദികളെ സംബന്ധിച്ച് കൂടിയാലോചന ന ടത്തി. അതിൽ ഹദ്റത്ത് അബൂബക്റിന്റെ അഭിപ്രായം എന്തായിരുന്നു? പിന്നീട് ഹദ്റത്ത് അബൂബക്റിന്റെ അഭിപ്രായമനുസരിച്ച് തന്നെ യാണ് കാര്യങ്ങളെല്ലാം ചെയ്തത്. ഇത് സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബ്(റ)എഴുതുന്നു: 'മദീനയിലെത്തിയ ശേഷം നബി(സ)തിരുമേനി ബന്ദികളെ സംബ ന്ധിച്ച് എന്ത് ചെയ്യണമെന്ന് കൂടിയാലോചന നടത്തി. അറേബ്യയിൽ പൊതുവേ ബന്ദി കളെ വധിക്കുകയോ സ്ഥായിയായി അടിമ കളാക്കുകയോ ആണ് പതിവ്. എന്നാൽ, നബി(സ) തിരുമേനിക്ക് അത് വളരെ അസ്വസ്ഥമായി അനുഭവപ്പെട്ടു. മാത്രമല്ല. അത് സംബന്ധി

ച്ച് ഒരുവിധ ദൈവിക വിധിയും ഇറങ്ങിയിട്ടുമില്ലായിരുന്നു. ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'എന്റെ അഭിപ്രായത്തിൽ അവരെ ഫിദ്‌യ വാങ്ങി വിട്ടയക്കുകയാണ് വേണ്ടത്. കാരണം അവർ ഏതായാലും നമ്മുടെ ബന്ധു ജനങ്ങൾ തന്നെയാണല്ലോ. നാളെ അവരിൽ നിന്നുതന്നെ ഇസ്‌ലാമിന് ആത്മാർപണം ചെയ്യുന്ന ആളുകൾ ഉണ്ടാവുമെന്നതിൽ അത്ഭുതത്തിന് ശങ്കയൊന്നുമില്ല.' എന്നാൽ, ഹദ്റത്ത് ഉമർ(റ) ഈ അഭിപ്രായത്തെ എതിർത്തുകൊണ്ട് പറഞ്ഞു: 'ദീനിന്റെ കാര്യത്തിൽ ബന്ധങ്ങളെ പരിഗണിക്കണമെന്നില്ല. ഇവർ തങ്ങളുടെ കർമങ്ങൾകൊണ്ട് വധാർഹർ ആയിത്തീർന്നിരിക്കുന്നു. അതുകൊണ്ട് എന്റെ അഭിപ്രായത്തിൽ എല്ലാവരെയും കൊന്നൊടുക്കേണ്ടതാണ്. എന്നല്ല മുസ്‌ലിമീങ്ങൾക്ക് അവരവരുടെ ബന്ധു ജനങ്ങളെ കൊല്ലാൻ അനുമതി നല്കുകയാണ് വേണ്ടത്.' നബി(സ)തിരുമേനി തന്റെ സത്യസന്ധമായ കാരുണ്യത്തിൽ പ്രഭാവിതനായി. ഹദ്റത്ത് അബൂബക്റിന്റെ അഭിപ്രായം ഇഷ്ടപ്പെടുകയും വധത്തിന്നെതിരിൽ തീരുമാനം നല്കിക്കൊണ്ട് ഇങ്ങനെ കല്പിക്കുകയും ചെയ്തു: 'തങ്ങളുടെ ഫിദ്‌യയും മറ്റും കൊടുക്കുന്ന മുശിരികീങ്ങളെ വിട്ടുകൊള്ളുക.' പിന്നീട് ഇതിന് അനുസൃതമായാണ് ദൈവിക കല്പന ഇറങ്ങിയതും.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ),പേജ്367-368)

മദീനയിൽ ഒരിക്കൽ ഹദ്റത്ത് അബൂബക്റും മറ്റു സ്വഹാബാക്കളും രോഗികളായി. ഇതേകുറിച്ച് ഹദ്റത്ത് ആഇശാ(റ)നിവേദനം. അവർ പറയുന്നു: നബി(സ)തിരുമേനി മദീനയിലേക്ക് ഹിജ്റ പുറപ്പെട്ടപ്പോൾ ഹദ്റത്ത് അബൂബക്ർ ഹദ്റത്ത് ബിലാൽ എന്നിവർക്ക് പനി പിടിക്കപ്പെട്ടു.' പറയുന്നു: 'ഞാൻ അവർ രണ്ട് പേരുടേയും അടുത്തുപോയി ചോദിച്ചു: 'പിതാവേ! അങ്ങയ്ക്ക് എങ്ങനെയുണ്ട്? ബിലാലേ! താങ്കൾക്കെങ്ങനെയുണ്ട്?' അവർ പറയുന്നു: ഹദ്റത്ത് അബൂബക്റിന് പനിയുണ്ടാവുമ്പോൾ അദ്ദേഹം ഈ ഈരടികൾ പറയുമായിരുന്നു:

**കുല്ലുംരിയിൻ മുസ്വബ്ബഹുൻ**
**ഫീ അഹ്‌ലിഹീ**
**വൽമൗത്തു അദ്നാ മിൻ**
**ശിറാക്കി നഅ്‌ലിഹീ**

എല്ലാ മനുഷ്യരും തന്റെ കുടുംബത്തിൽ പ്രഭാതത്തിൽ എഴുന്നേല്ക്കുന്നു. യഥാർഥത്തിലോ മരണം തന്റെ ചെരിപ്പിന്റെ വള്ളിയെക്കാൾ അവനോടു അടുത്താണ്.'

ഹദ്റത്ത് ബിലാൽ പനി മാറിക്കഴിഞ്ഞാൽ ഉച്ചത്തിൽ കരഞ്ഞുകൊണ്ട് ചില ഈരടികൾ ചൊല്ലുമായിരുന്നു. അതിൽ അദ്ദേഹം മക്കയുടെ ചുറ്റുപാടുമുള്ള ആളുകളെ കുറിച്ചു പറയുകയും അത് അനുസ്മരിക്കുകയും ചെയ്യുമായിരുന്നു.

ഹദ്റത്ത് ആഇശാ(റ)പറയുന്നു: ഞാൻ നബി(സ) തിരുമേനിയുടെ സവിധത്തിലെത്തി എല്ലാ കാര്യങ്ങളും വിവരിക്കുകയുണ്ടായി. അതായത് ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ബിലാലും പറഞ്ഞ കാര്യങ്ങളൊക്കെ. അപ്പോൾ നബി(സ) തിരുമേനി ദുആ ചെയ്തു: 'അല്ലഹുവേ! മദീനയേയും ഞങ്ങൾക്ക് മക്കയെപോലെ അല്ലെങ്കിൽ അതിനേക്കാളും പ്രിയപ്പെട്ടതാക്കേണമേ. അതിനെ ആരോഗ്യമുള്ള പ്രദേശമാക്കേണമേ. ഞങ്ങളുടെ അളവുപാത്രങ്ങളായ സ്വായിലും മുദ്ദിലും അനുഗ്രഹം ചൊരിയേണമേ.' നീ ഇവിടെയുള്ള പനിയേ ജുഹ്ഫയിലേക്ക് മാറ്റിയാലും.' ജുഹ്ഫ മക്കയിൽനിന്ന് മദീനയുടെ വഴിയിൽ 82 മൈൽ ദൂരെയുള്ള പ്രദേശമാണ്. (സ്വഹീഹുൽബുഖാരി, കിതാബു മനാഖിബുൽ അൻസാർ, ബാബു മഖ്ദമുന്നബിയ്യി(സ)വ അസ്ഹാബിഹിൽമദീനത്ത, ഹദീഥ് 3926) (ശറഹുസ്സർഖാനീ വാള്യം 7, പേജ് 172ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1996)

ഉഹുദ് യുദ്ധത്തെ കുറിച്ചുള്ള നിവേദനത്തിൽ പറയുന്നു: ഹിജ്റ 3-ാം വർഷം ശവ്വാൽ മാസത്തിൽ അതായത് ക്രിസ്ത്വബ്ദം 624-ൽ മുസ്‌ലിമീങ്ങളും മക്കയിലെ ഖുറയ്ശികളും തമ്മിൽ ഈ യുദ്ധം നടന്നു. ഹിജ്റ 3-ാം വർഷം അവസാനത്തിൽ മക്കാ ഖുറയ്ശികളും അവരുടെ സുഹൃത് ഗോത്രങ്ങളും അടങ്ങിയ സൈന്യം മദീനയെ ആക്രമിക്കുമെന്ന വിവരം ലഭിച്ചു. നബി(സ)തിരുമേനി മുസ്‌ലിമീങ്ങളെ ഒരുമിച്ച് കൂട്ടി ഖുറയ്ശികളുടെ ആക്രമണത്തെ സംബന്ധിച്ച് ബോധവൽക്കരിച്ചശേഷം മദീനയിൽ വെച്ചാണോ അതല്ല പുറത്തു പോയാണോ യുദ്ധം ചെയ്യേണ്ടത് എന്നതിനെ സംബന്ധിച്ച് കൂടിയാലോചന നടത്തി.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ), പേജ് 483-484)

ഇത് സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: "നബി(സ) തിരുമേനി മുസ്‌ലിമീങ്ങളെ ഒരുമിച്ചുകൂട്ടുകയും ഖുറയ്ശികളുടെ ആക്രമണത്തെ പറ്റി കൂടിയാലോചന നടത്തുകയും ചെയ്തുകൊണ്ട് മദീനക്ക് ഉള്ളിൽ നിന്നുകൊണ്ടാണോ അതല്ല പുറത്തിറങ്ങി നിന്നാണോ യുദ്ധം ചെയ്യേണ്ടത് എന്ന് ആരാഞ്ഞു. കൂടിയാലോചനക്ക് മുന്നേ നബി(സ)തിരുമേനി ഖുറയ്ശികളുടെ ആക്രമണത്തേയും അവരുടെ രക്തദാഹത്തേയും കുറിച്ച് പറയുകയുണ്ടായി. എന്നിട്ട് പറഞ്ഞു: 'ഇന്നലെ രാത്രി സ്വപ്നത്തിൽ ഞാൻ ഒരു പശുവിനെ കാണുകയുണ്ടായി. എന്റെ വാൾ പൊട്ടിയതായും കണ്ടു. മാത്രമല്ല ആ പശുവിനെ അറുക്കുന്നതായും കാണുകയുണ്ടായി. കൂടാതെ ഞാൻ എന്റെ കൈ ഒരു ഉറച്ച സുരക്ഷിതമായ കവചത്തിൽ ഇട്ടിരിക്കുന്നതായും കണ്ടു.'മറ്റൊരു നിവേദനത്തിൽ പറയുന്നു:' നബി(സ)തിരുമേനി പറഞ്ഞു; ഞാൻ ഒരു ആട്ടിൻ കുട്ടിയേയും അതിനുമേൽ യാത്ര ചെയ്യുന്നതായും കണ്ടു. സ്വഹാബാക്കൾ ചോദിച്ചു: 'യാ റസൂലുല്ലാഹ്! അങ്ങ് ഈ സ്വപ്നത്തിന് എന്ത് വ്യാഖ്യാനമാണ് നല്കുന്നത്?' നബി(സ)തിരുമേനി പറഞ്ഞു: 'പശു അറക്കപ്പെടുന്നതുകൊണ്ട് ഞാൻ മനസ്സിലാക്കുന്നത് എന്റെ സ്വഹാബാക്കളിൽ ചിലർ ശഹീദാവുമെന്നാണ്. വാൾ പൊട്ടിയതുകൊണ്ടുള്ള വിവക്ഷിതം എന്റെ പ്രിയപ്പെട്ടവരിൽ ആരുടെയോ ശഹാദത്തിനെ സൂചിപ്പിക്കുന്നു. അല്ലെങ്കിൽ ഒരു പക്ഷേ, എനിക്കുതന്നെ ഇതിൽ എന്തെങ്കിലും പ്രയാസം സംഭവിച്ചേക്കാം. കവചത്തിനുള്ളിൽ കൈ ഇടുന്നതുകൊണ്ട് ഞാൻ മനസ്സിലാക്കിയത് ഈ യുദ്ധത്തെ നേരിടാൻ നാം മദീനക്കുള്ളിൽതന്നെ നില്ക്കുകയാണ് ഏറെ ഉചിതമെന്നാണ്. ആട്ടിൻ പുറത്ത് യാത്ര ചെയ്യുന്നതിനെ സംബന്ധിച്ച് നബി(സ)തിരുമേനി ഇങ്ങനെ വ്യാഖ്യാനിച്ചു. ഇതിന്റെ അർഥം നിഷേധികളുടെ സൈന്യത്തിന്റെ നേതാവ് ധ്വജവാഹകൻ ഇൻശാ അല്ലാഹ് മുസ്‌ലിമീങ്ങളുടെ കൈകളാൽ കൊല്ലപ്പെടുന്നതാണ്.

തുടർന്ന് നബി(സ)തിരുമേനി ആ സമയത്തെ ചുറ്റുപാടിൽ എന്താണ് ചെയ്യേണ്ടതെന്ന് അഭിപ്രായം ആരാഞ്ഞു. ചില ഉന്നതരായ സ്വഹാബാക്കൾ അവസ്ഥകളുടെ ഏറ്റക്കുറച്ചിൽ മനസ്സിലാക്കിക്കൊണ്ടും നബി(സ)തിരുമേനിയുടെ സ്വപ്നത്തിൽ ഏറെക്കുറേ പ്രഭാവിതരായിക്കൊണ്ടും മദീനയിൽ നിന്നുതന്നെ പ്രത്യാക്രമണം നടത്തുന്നതാണ് നല്ലതെന്ന് അഭിപ്രായപ്പെട്ടു. നബി(സ)തിരുമേനി ഈ അഭിപ്രായമാണ് ഇഷ്ടപ്പെട്ടത്. എന്നിട്ട് പറഞ്ഞു: 'നമ്മൾ മദീനക്ക് അകത്തു നിന്നുതന്നെ യുദ്ധം ചെയ്യുന്നതാണ് നല്ലതെന്ന് തോന്നുന്നു. എന്നാൽ, ഭൂരിഭാഗം സ്വഹാബാക്കളും പ്രത്യേകിച്ച് ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാത്ത യുവാക്കൾ തങ്ങളുടെ ശഹാദത്തുകൊണ്ട് ദീനി സേവനത്തിനുള്ള അവസരത്തിനുവേണ്ടി ആവേശം കൊള്ളുകയായിരുന്നു. അവർ പറഞ്ഞു: പട്ടണത്തിന് പുറത്തിറങ്ങി തുറന്ന മൈതാനത്ത് യുദ്ധം ചെയ്യേണ്ടതാണ്. അവർ തങ്ങളുടെ അഭിപ്രായത്തിൽ കാണിച്ച വീറും വാശിയും കണ്ടപ്പോൾ നബി(സ)തിരുമേനി അവഎരുടെ അഭിപ്രായം അംഗീകരിച്ചുകൊണ്ട് പറഞ്ഞു: 'നമ്മൾ തുറന്ന മൈതാനത്തിറങ്ങി ശത്രുക്കളെ നേരിടുന്നതാണ്.' തുടർന്ന് ജുമുഅ നമസ്കാരശേഷം മുസ്‌ലിമീങ്ങൾക്കിടയിൽ ഒരു പൊതു വിളംബരം നടത്തിക്കൊണ്ട് പറഞ്ഞു: ''ജിഹാദ് ഫീ സബീലില്ലാഹ്'' ദൈവമാർഗത്തിൽ യുദ്ധം ചെയ്യാനുള്ള നിയ്യത്തോടുകൂടി ഈ യുദ്ധത്തിൽ ഭാഗഭാക്കായി പ്രതിഫലം കരസ്ഥമാക്കുവിൻ! തുടർന്ന് നബി(സ)തിരുമേനി വീടിനകത്തേക്ക് പോയി അവിടെ ഹദ്റത്ത് അബൂബക്റിന്റെയും ഹദ്റത്ത് ഉമറിന്റെയും സഹായത്തോടുകൂടി തലപ്പാവും വസ്ത്രവും അണിഞ്ഞ് ആയുധഭൂഷിതനായി അല്ലാഹുവിന്റെ നാമവും ഉച്ചരിച്ചുകൊണ്ട് പുറത്തേക്ക് വന്നു. എന്നാൽ, ഈ സമയത്തിനുള്ളിൽ യുവാക്കൾക്ക് ചില സ്വഹാബാക്കൾ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ തെറ്റ് ബോധ്യം വരുകയും നബി(സ)തിരുമേനിയുടെ അഭിപ്രായത്തിനെതിരിൽ വാശിപിടിക്കുന്നത് ശരിയല്ലെന്ന് തോന്നുകയും അവരിൽ ഭൂരിഭാഗവും അതേകുറിച്ച് ലജ്ജിതരാവുകയും ചെയ്തു. മാത്രമല്ല നബി(സ) തിരുമേനി ആയുധവുമേന്തി ഇരട്ടകവചവും മറ്റും അണിഞ്ഞ് വരുന്നത് കണ്ടപ്പോൾ അവരുടെ ലജ്ജ ഒന്നും കൂടി വർധിച്ചു. അവർ

• അമീറുൽമുഅ്മിനീന്റെ ഉപദേശം •

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞവാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**

*(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)*

**ത്വാലിബെ ദുആ: K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

• അമീറുൽമുഅ്മിനീന്റെ ഉപദേശം •

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപ്പിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'**

*(ബ്രിട്ടൺ, കനഡ, ജർമനി ജാമിആകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)*

**ത്വാലിബെ ദുആ: K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

ഏറെക്കുറേ എല്ലാവരും ഒന്നിച്ച് പറഞ്ഞു; യാ റസൂലുല്ലാഹ്! ഞങ്ങൾക്ക് തെറ്റ് പറ്റി. അങ്ങയുടെ അഭിപ്രായത്തിനെതിരിൽ വാശി പിടിച്ചു. അങ്ങ് ഉദ്ദേശിക്കുന്നതുപോലെതന്നെ നീങ്ങിയാലും. ഇൻശാ അല്ലാഹ് അതിൽതന്നെയാണ് അനുഗ്രഹം ഉണ്ടാവുക.' നബി(സ) തിരുമേനി പറഞ്ഞു: പടച്ചട്ട അണിഞ്ഞതിനു ശേഷം അല്ലാഹുവിൽനിന്ന് ഒരു തീരുമാനം വരുന്നതിനുമുമ്പേ അത് അഴിച്ചു മാറ്റുകയെന്നത് അല്ലാഹുവിന്റെ പ്രവാചകന്റെ പ്രൗഢിക്ക് നിരക്കുന്നതല്ല. ആയതിനാൽ ഇനി അല്ലാഹുവിന്റെ നാമവും ഉച്ചരിച്ച് നീങ്ങുവിൻ! നിങ്ങൾ ക്ഷമാപൂർവം പ്രവൃത്തിക്കുകയാണെങ്കിൽ ഉറപ്പിച്ചുകൊള്ളുക അല്ലാഹുവിന്റെ സഹായം നിങ്ങളോടൊപ്പം ആയിരിക്കും.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 484-486)

ഉഹുദ് യുദ്ധത്തിൽ നബി(സ)തിരുമേനി തന്റെ വാൾകൈയിലേന്തിക്കൊണ്ട് ഇതിനോടുള്ള കടമ നിറവേറ്റാൻ ആരാണുള്ളതെന്ന് ചോദിച്ചു. ആ അവസരത്തിൽ ആ വാൾ തങ്ങൾക്ക് ലഭിക്കണമെന്ന് ആഗ്രഹം പ്രകടിപ്പിച്ച സ്വഹാബാക്കളിൽ ഹദ്റത്ത് അബൂബക്റും(റ)ഉണ്ടായിരുന്നു.(ശറഹ് സുർഖാനി അലൽമവാഹിബുല്ലദുന്നിയ്യ, വാള്യം 2, പേജ് 404, ഗസ്‌വത്തു ഉഹുദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്1996)

ഇതു സംബന്ധമായി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)പറയുന്നു:'നബി(സ)തിരുമേനി തന്റെ വാൾ കൈയിലെടുത്തുകൊണ്ട് ചോദിച്ചു:ഇതു എടുത്തുകൊണ്ട് ഇതിനോടുള്ള കടമകൾ നിറവേറ്റാനാരുണ്ട്? ഒരുപാട് സ്വഹാബാക്കൾ ആ അഭിമാന നിമിഷം ആഗ്രഹിച്ചുകൊണ്ട് അവരുടെ കൈകൾ നീട്ടി. അവരിൽ ഹദ്റത്ത് ഉമർ, ഹദ്റത്ത് സുബയ്ർ മാത്രമല്ല നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് അബൂബക്റും ഹദ്റത്ത് അലിയുമുണ്ടായിരുന്നു. എന്നാൽ, നബി(സ)തിരുമേനി അതാർക്കും നല്കാതെ ഇതിനോടുള്ള കടമ നിറവേറ്റാൻ ആരെങ്കിലുമുണ്ടോ എന്ന് ചെദിച്ചുകൊണ്ടിരുന്നു. അവസാനം അബൂ ദുജാന അൻസ്വാരി തന്റെ കൈ മുമ്പോട്ടു നീട്ടിക്കൊണ്ടു പറഞ്ഞു, അല്ലാഹുവിന്റെ റസൂലേ! അത് എനിക്കു നല്കിയാലും. നബി(സ)തിരുമേനി ആ വാൾ അദ്ദേഹത്തിനു നല്കി.'(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 489)

ഉഹുദു യുദ്ധത്തിൽ കപടവിശ്വാസികൾ തിരിച്ച് ആക്രമിച്ചപ്പോൾ മുസ്‌ലിമീങ്ങൾക്ക് പരാജിതരാകേണ്ടിവന്നു. ആ നേരത്ത് നബി(സ)തിരുമേനിയെ കുറിച്ച് അവിടന്ന് ശഹീദാക്കപ്പെട്ടിരിക്കുന്നുവെന്ന കിംവദന്തി പരന്നു. ഇബ്നു ഇസ്ഹാഖ് പറയുന്നു: നബി(സ)തിരുമേനിയുടെ ശഹാദത്തിന്റെ വാർത്തയും ചില വ്യക്തികളുടെ ചിന്നിച്ചിതറലിനുശേഷം ഏറ്റവുമാദ്യം ഹദ്റത്ത് കഅ്ബ് ബിൻ മാലിക്കിന്റെ ദൃഷ്ടിയിലാണ് നബി(സ)തിരുമേനി പതിഞ്ഞത്. അദ്ദേഹം പറഞ്ഞു: ഞാൻ ഇരുമ്പതൊപ്പിയുടെ ഇടയിലൂടെ നബി(സ)തിരുമേനിയുടെ തിളങ്ങുന്ന കണ്ണുകൾ കണ്ടപ്പോൾ,' മുസ്‌ലിമീങ്ങളേ! സന്തോഷിച്ചുകൊള്ളുവിൻ! അല്ലാഹുവിന്റെ റസൂൽ ഇവിടെയുണ്ട്'എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. ഇതുകേട്ട നബി(സ)തിരുമേനി മിണ്ടാതിരിക്കാൻ കൈകൊണ്ടു ആംഗ്യം കാണിച്ചു. മുസ്‌ലിമീങ്ങൾ നബി(സ) തിരുമേനിയെ തിരിച്ചറിഞ്ഞപ്പോൾ അവിടന്ന് അവരോടൊപ്പം മലയിടുക്കിലേക്ക് പോയി. ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമർ,ഹദ്റത്ത് അലി, ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലാഹ്, ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം, ഹദ്റത്ത് ഹാരിഥ് ബിൻ സ്വിമ്മ തുടങ്ങിയ സ്വഹാബാക്കൾ നബിയോടൊപ്പമുണ്ടായിരുന്നു.(താരീഖ് അത്ത്വബരി ലി അബീ ജഅ്ഫർ മുഹമ്മദ് ബിൻ ജരീർ ത്വബരി ഗസ്‌വയെ ഉഹുദ്, വാള്യം 3, പേജ് 70, ദാറുൽഫിക്ർ, ബെയ്റുത്ത് 2002)

നബി(സ)തിരുമേനി ഒരു കൂട്ടം സ്വഹാബാക്കളോടു മരണംവരിക്കാൻ തയ്യാറാണെന്നുള്ള ബയ്അത്ത് വാങ്ങി. മറ്റു മുസ്‌ലിമീങ്ങൾ പിന്തിരിഞ്ഞോടിയപ്പോൾ ഇവരുടെ കാലുകൾ ഉറച്ചു നില്ക്കുകയും അവരുടെ ജീവൻ പണയംവച്ച് നബി(സ)തിരുമേനിയെ സംരക്ഷിക്കുകയും ചെയ്തു. അവരിൽ ചിലർ ശഹീദാക്കപ്പെട്ടു. ആ ബയ്അത്ത് ചെയ്ത സൗഭാഗ്യവാന്മാരിൽ ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് ത്വൽഹ, ഹദ്റത്ത് സുബയ്ർ, ഹദ്റത്ത് സഅ്ദ്, ഹദ്റത്ത് സഹ്ൽ ബിൻ ഹുനയ്ഫ്, ഹദ്റത്ത് അബൂദുജാന എന്നിവർ ഉൾപ്പെടുന്നു.(അൽഇസ്വാബ, ഭാഗം 3, പേജ് 431, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 2005)

ഉഹുദ് യുദ്ധാവസ്ഥകൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) വീണ്ടും എഴുതുന്നു: നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ ജീവൻ പണയംവെച്ചു കാഴ്ചവെച്ച മാതൃകകൾ കാണിക്കാൻ ലോകചരിത്രത്തിനു കഴിയുകയില്ല. അവർ ഈയാംപാറ്റകളെപ്പോലെ അങ്ങയ്ക്കു ചുറ്റും സഞ്ചരിക്കുകയായിരുന്നു. നബി(സ)തിരുമേനിക്കുവേണ്ടി തങ്ങളുടെ ജീവൻ പണയം വെക്കുകയായിരുന്നു. ഓരോ പ്രഹരങ്ങളും സ്വഹാബാക്കൾ സ്വയം ഏറ്റെടുത്തുകൊണ്ട് നബി(സ)തിരുമേനിയെ സംരക്ഷിക്കുന്നതിനോടൊപ്പം തന്നെ ശത്രുക്കളുമായി പോരാടുകയുമായിരുന്നു. ഹദ്റത്ത് അലിയും ഹദ്റത്ത് സുബയ്റും വീണ്ടുവിചാരമില്ലാതെ ശത്രുക്കളെ ആക്രമിക്കുകയും അവരുടെ അണികളെ പിന്തള്ളുകയും ചെയ്തു. അബൂ ത്വൽഹ അൻസ്വാരി അമ്പുകളെയ്തുകൊണ്ട് മൂന്നു വില്ലുകൾ ഒടിച്ചതുകൂടാതെ ശത്രുക്കളുടെ അമ്പുകൾക്കു മുമ്പിൽ സ്വയം നെഞ്ചുവിരിച്ച് നിന്നുകൊണ്ട് തന്റെ പരിചയാൽ നബി(സ)തിരുമേനിയുടെ ശരീരത്തെ മറച്ചുപിടിച്ചു. സഅ്ദ് ബിൻ അബീവഖാസ്വിന് നബി(സ)തിരുമേനി നേരിട്ട് അമ്പുകൾ എടുത്തുകൊടുത്തുകൊണ്ടിരുന്നു. അദ്ദേഹം ശത്രുക്കൾക്കുനേരെ എണ്ണമറ്റ അമ്പുകളാണ് എയ്തുകൊണ്ടിരുന്നത്. ഒരിക്കൽ നബി(സ)തിരുമേനി സഅ്ദിനോടു പറഞ്ഞു:'നിന്നിൽ എന്റെ മാതാപിതാക്കൾ തെണ്ടമാണ്. നീ അമ്പെയ്തുകൊണ്ടേയിരിക്കുക.' സഅ്ദ് തന്റെ ജീവിതകാലം മുഴുവനും നബി(സ)തിരുമേനിയുടെ ആ വാക്കുകൾ വളരെ അഭിമാനത്തോടെ പറയുമായിരുന്നു. ഹദ്റത്ത് അബൂദുജാന ഒരുപാട് നേരത്തേക്ക് നബി(സ)തിരുമേനിയുടെ ശരീരത്തെ തന്റെ ശരീരംകൊണ്ടു മറച്ചു പിടിക്കുകയും നബിയുടെ നേരെവരുന്ന അമ്പുകളും കല്ലുകളും സ്വയം ഏറ്റുവാങ്ങുകയും ചെയ്തിരുന്നു. അപ്രകാരം അമ്പുകൾ മുഖേന അദ്ദേഹത്തിന്റെ ശരീരത്തിൽ മുറിവുകളുണ്ടായെങ്കിലും അദ്ദേഹം 'ഉഫ്' എന്നുപോലും പറഞ്ഞില്ല. കാരണം അദ്ദേഹത്തിന്റെ ശരീരം ഇളകിയാൽ നബി(സ) തിരുമേനിയുടെ ശരീരം വെളിപ്പെടുകയും അങ്ങയുടെ ശരീരത്തിൽ അമ്പുകളേൽക്കാൻ സാധ്യതയുമുണ്ടായിരുന്നു. ത്വൽഹ(റ)നബി(സ) തിരുമേനിയുടെ സംരക്ഷണത്തിന് ഒരുപാട് പ്രഹരങ്ങളേല്ക്കുകയും ആ യജ്ഞത്തിൽ അദ്ദേഹത്തിന്റെ കൈ എന്നെന്നേക്കുമായി തളർന്നുപോകുകയുമുണ്ടായി. എന്നാൽ, ജീവൻ ത്യജിക്കാൻ സന്നദ്ധരായ എണ്ണപ്പെട്ട ഈ സ്വഹാബാക്കൾക്ക് ഓരോ നിമിഷവും നാലുഭാഗത്തുനിന്നും ഭയാനകമായ തിരമാലകൾ കണക്കെ ആഞ്ഞടിച്ചുകൊണ്ടിരുന്ന മലവെള്ളപ്പാച്ചിലിനുമുന്നിൽ എത്രനേരം പിടിച്ചു നില്ക്കാൻ കഴിയും. ശത്രുക്കളുടെ എല്ലാ ആക്രമണങ്ങളുടേയും ഓരോ ഓളവും മുസ്‌ലിമീങ്ങളെ ചിന്നിച്ചിതറിക്കുകയായിരുന്നു. എന്നാൽ, കുറച്ചൊന്ന് അയവുവരുമ്പോൾ നിസ്സഹായരായ മുസ്‌ലിമീങ്ങൾ പൊരുതിക്കൊണ്ട് തങ്ങളുടെ യജമാനനുചുറ്റും ഒരുമിച്ചു കൂടുമായിരുന്നു. ചില സമയങ്ങളിൽ നബി(സ) തിരുമേനി തനിച്ചാകുമായിരുന്നു. അത്രയും ഭയാനകമായി ആക്രമണങ്ങൾ ഉണ്ടാകുമായിരുന്നു. ഒരിക്കൽ നബി(സ)തിരുമേനിയുടെ ചുറ്റും പന്ത്രണ്ടു സ്വഹാബാക്കൾ മാത്രമാണുണ്ടായിരുന്നത്. മറ്റൊരിക്കൽ അങ്ങയുടെയടുക്കൽ വെറും രണ്ടുപേർമാത്രം ശേഷിച്ചു. ജീവൻ ത്യജിക്കാൻ സന്നദ്ധരായ ആ സ്വഹാബാക്കളിൽ ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് അലി, ഹദ്റത്ത് ത്വൽഹ, ഹദ്റത്ത് സുബയ്ർ, ഹദ്റത്ത് സഅ്ദ്ബിൻ അബീ വഖാസ്വ്, ഹദ്റത്ത് അബൂദുജാന അൻസ്വാരി, സഅ്ദ് ബിൻ മുആദ്, ത്വൽഹ അൻസ്വാരി എന്നിവരുടെ പേരുകൾ പ്രത്യേകം സ്മരണീയമാണ്. (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 495-496)

ഉഹുദു യുദ്ധത്തിൽ നബി(സ)തിരുമേനിയുടെ അനുഗൃഹീതമായ രണ്ടു പല്ലുകൾ ശഹീദാക്കപ്പെട്ട സംഭവം ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)വരച്ചു കാണിക്കുന്നുണ്ട്. അതനുസരിച്ച് ഹദ്റത്ത് ആഇശ(റ)പറയുന്നു:'ഉഹുദു ദിവസത്തെ കുറിച്ച് പറയുമ്പോൾ ആ ദിവസം മുഴുവൻ ഹദ്റത്ത് ത്വൽഹാ(റ)യുടെ ദിവസമായിരുന്നുവെന്ന് ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)പറയുമായിരുന്നു. അതു വിശദീകരിച്ചുകൊണ്ട് അദ്ദേഹം പറയുന്നു:'ഞാൻ ഉഹുദ് ദിവസം നബി(സ)തിരുമേനിയുടെ അടുത്ത് തിരിച്ചോടിയവരിൽപെട്ട വ്യക്തിയായിരുന്നു. ഒരാൾ നബി(സ)തിരുമേനിയെ സംരക്ഷിച്ചുകൊണ്ട് പൊരുതുന്നതായി ഞാൻ കണ്ടു. നിവേദകൻ പറയുന്നു:'അയാൾ നബി(സ)തിരുമേനിയെ രക്ഷിക്കുകയായിരുന്നുവെന്ന് പറഞ്ഞതായാണ് ഓർമ.'ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)പറയുന്നു:'ഞാൻ പറഞ്ഞു, 'അഹോ കഷ്ടം! ഞാൻ ത്വൽഹയായിരുന്നെങ്കിൽ!' ആ നേരത്ത് ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)മനസ്സിൽ തനിക്ക് നഷ്ടപ്പെട്ട അവസരം എന്തായാലും നഷ്ടമായി, ആ വ്യക്തി തന്റെ സമുദായത്തിൽപ്പെട്ട ആരെങ്കിലുമായിരുന്നെങ്കിൽ താൻ കൂടുതൽ സന്തോഷവാനാകുമായിരുന്നുവെന്ന് ചിന്തിച്ചു. പറയുന്നു: 'എനിക്കും നബി(സ)തിരുമേനിക്കുമിടയിൽ ഒരു വ്യക്തിയുണ്ടായിരുന്നു. ആ വ്യക്തിയെക്കാളും നബി(സ) തിരുമേനിയുടെ കൂടുതൽ അടുത്ത് ഞാനായിരുന്നു. എന്നിട്ടും ആ വ്യക്തിയെ എനിക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ല. ആ വ്യക്തി ചലിക്കുന്ന അത്രയും വേഗത്തിൽ എനിക്ക് ചലിക്കാൻ കഴിഞ്ഞിരുന്നില്ല. നോക്കിയപ്പോൾ അത് അബൂ ഉബയ്ദാ ബിൻ ജർറാഹ് ആയിരുന്നു.

ശേഷം പേജ് 11ൽ

പേജ് 5 ൽ നിന്ന്

ഞാൻ വല്ല കാര്യവും സമ്മതിച്ചാൽ അല്ലാഹുവിന് ഞാൻ നിരപരാധിയാണെന്നറിയാം. നിങ്ങൾ അത് സത്യമാണെന്ന് കരുതുകയും ചെയ്യും. അല്ലാഹുവാണ! ഞാൻ എന്റെയും നിങ്ങളുടെയും അവസ്ഥ ഹദ്റത്ത് യൂസുഫിന്റെ പിതാവിന്റേതുപോലെയാണ് കാണുന്നത്. അദ്ദേഹം പറഞ്ഞിരുന്നു: **ഫസ്വബ്റുൻ ജമീൽ വല്ലാഹുൽ മുസ്തആനു അലാ മാ തസ്വിഫൂൻ** നല്ലപോലെ ക്ഷമിക്കുകയാണ് എനിക്ക് ഉചിതമായിട്ടുള്ളത്. എന്തൊരുകാര്യമാണോ നിങ്ങൾ പറയുന്നത് അതകലുന്നതിന് അല്ലാഹുവിനോട് മാത്രമേ സഹായം തേടാനുള്ളു.

പിന്നെ ഞാൻ എന്റെ കിടക്കയിൽ തിരിഞ്ഞു കിടന്നു. അല്ലാഹു തന്റെ നിരപരാധിത്വം തെളിയിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചു. അല്ലാഹുവാണ! എന്നെ സംബന്ധിച്ച് വഹ്യ് ഇറങ്ങുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. എന്നെ സംബന്ധിച്ച് ഖുർആനിൽ കാര്യങ്ങൾ വരാൻ, ഞാൻ എന്നെ വളരെ നിസാരയായിട്ടാണ് കരുതിയിരുന്നത്. പക്ഷേ, എന്നെ നിരപരാധിയാണെന്ന് വ്യക്തമാക്കിക്കൊണ്ട് നബി(സ)തിരുമേനി വല്ല സ്വപ്നവും കാണുമെന്നാണ് ഞാൻ കരുതിയത്. അല്ലാഹുവാണ! നബി(സ)തിരുമേനി താൻ ഇരിക്കുന്ന സ്ഥലത്തുനിന്ന് മാറിയിട്ടുണ്ടായിരുന്നില്ല. വീട്ടുകാർ ആരും പുറത്തു പോയിരുന്നതുമില്ല. അങ്ങനെ നബി(സ)തിരുമേനിക്കുമേൽ വഹ്യ് ഇറങ്ങാൻ തുടങ്ങി. വഹ്യ് ഉണ്ടാകുമ്പോൾ സംഭവിക്കുന്ന സമ്മർദ്ദാവസ്ഥ നബി(സ)തിരുമേനിക്ക് അനുഭവപ്പെട്ടു. തണുപ്പുകാലത്ത് നബി(സ)തിരുമേനിക്കുമേൽനിന്ന് മുത്തുകൾ പോലെ വിയർപ്പ് തുള്ളികൾ വീഴുമായിരുന്നു. നബി(സ)തിരുമേനിയുടെ ആ അവസ്ഥ മാറിയപ്പോൾ അവിടന്ന് പുഞ്ചിരിച്ചു. ആദ്യമായി നബി(സ)തിരുമേനി എന്നോട് പറഞ്ഞു: 'ആഇശാ! അല്ലാഹുവിനെ സ്തുതിക്കുക. അവൻ നിന്റെ നിരപരാധിത്വം വെളിപ്പെടുത്തിയിരിക്കുന്നു.' എഴുന്നേറ്റ് നബി(സ) തിരുമേനിയുടെ അടുക്കൽ പോകാൻ എന്റെ ഉമ്മ എന്നോടു പറഞ്ഞു. ഞാൻ പറഞ്ഞു: 'ഇല്ല. അല്ലാഹുവാണ!ഞാൻ നബി(സ) തിരുമേനിയുടെ അടുക്കൽ പോകുകയില്ല. അല്ലാഹുവിനെയല്ലാതെ ഞാൻ ആരെയും സ്തുതിക്കുന്നതുമല്ല.' അല്ലാഹു ഇങ്ങനെ വഹ്യ് ഇറക്കി: **ഇന്നല്ലദീന ജാഊ ബിൽ ഇഫ്കി ഉസ്ബത്തുൻ മ്മിൻകും** തീർച്ചയായും ആ ഭയങ്കര നുണ ചമച്ചുണ്ടാക്കിയവർ നിങ്ങളിൽനിന്നുള്ള ഒരു സംഘമാണ്.(24:12) അല്ലാഹു എന്റെ നിരപരാധിത്വം വഹ്യ് മുഖേന ഇറക്കിയപ്പോൾ ഹദ്റത്ത് ആഇശയുടെ പിതാവ് ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്– അദ്ദേഹം, മുസ്തഹ് ബിൻ ഉഥാഥയ്ക്ക് വളരെ അടുത്തയാളും ദരിദ്രനും ആയതുകൊണ്ട് ചെലവിന് കൊടുത്തിരുന്നു. അദ്ദേഹം പറഞ്ഞു: അല്ലാഹുവാണ! ഞാൻ മുസ്തഹ് ബിൻ ഉഥാഥയ്ക്ക് ഇനി ചെലവിന് കൊടുക്കുന്നതല്ല; അയാൾ ഹദ്റത്ത് ആഇശയെ പറ്റി അപരാധം പറഞ്ഞ കാരണത്താൽ. അപ്പോൾ അല്ലാഹു ഇങ്ങനെ വഹ്യ് ഇറക്കി: **വലാ യഅ്തലി ഉലുൽ ഫള്‌ലി മിൻകും വസ്സഅത്തി അൻയ്യുഅ്തൂ ഉലിൽഖുർബാ വൽമസാക്കീന വൽമുഹാജിരീന ഫീ സബീലില്ലാഹി വൽയഅ്ഫൂ വൽയസ്ഫഹൂ അലാ തുഹിബ്ബൂന അൻയ്യഗ്ഫിറല്ലാഹുലക്കും വല്ലാഹു ഗഫൂറുർറഹീം**(24:23)നിങ്ങളിൽ ശ്രേഷ്ഠതയും ഐശ്വര്യവുമുള്ളവർ അടുത്ത കുടുംബബന്ധുക്കൾക്കും അഗതികൾക്കും ദൈവമാർഗത്തിൽ സ്വദേശം വെടിഞ്ഞവർക്കും (ഒന്നും)നല്കുകയില്ലെന്ന് സത്യം ചെയ്യരുത്.അവർ മാപ്പു ചെയ്യുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തു തരണമെന്ന് നിങ്ങളാഗ്രഹിക്കുന്നില്ലേ? അല്ലാഹു സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു.

ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: എന്തുകൊണ്ടില്ല? അദ്ദേഹം പറഞ്ഞു: അല്ലാഹു എനിക്ക് പൊറുത്തു തരുന്നത് ഞാൻ തീർച്ചയായും ഇഷ്ടപ്പെടുന്നു. അദ്ദേഹം മുസ്തഹ് ബിൻ ഉഥാഥയ്ക്ക് വീണ്ടും ചെലവിനു നൽകാൻ തുടങ്ങി. അതായത് ഹദ്റത്ത് അബൂബക്ർ(റ) നൽകിക്കൊണ്ടിരുന്ന ചെലവ് തുടർന്നും നൽകാൻ തുടങ്ങി. നബി(സ)തിരുമേനി എന്നെ സംബന്ധിച്ച് ഹദ്റത്ത് സയ്നബ് ബിൻത് ജഹ്ശിനോട് ചോദിക്കുമായിരുന്നു. ഹദ്റത്ത് ആഇശ(റ) പറയുന്നു: നബി(സ)തിരുമേനി ഹദ്റത്ത് സയ്നബിനോട് എന്നെപറ്റി അതായത് ഹദ്റത്ത് ആഇശയെ പറ്റി ചോദിക്കുമായിരുന്നു. നബി(സ)തിരുമേനി പറയുന്നു: സയ്നബേ! നിനക്ക് അറിയാമോ? നിന്റെ അഭിപ്രായമെന്താണ്? അതായത് ഹദ്റത്ത് ആഇശയെ പറ്റി. അവർ പറഞ്ഞു: 'ഞാൻ എന്റെ കേൾവിയും കാഴ്ചയും സുരക്ഷിതമാക്കി വെച്ചിരിക്കുന്നു. അല്ലാഹുവാണ! ഞാൻ അവരിൽ നന്മ മാത്രമേ കണ്ടിട്ടുള്ളൂ.' ഹദ്റത്ത് ആഇശ(റ)പറയുന്നു: 'യഥാർഥത്തിൽ സയ്നബായിരുന്നു സാധാരണയായി ഞാനുമായി കിടമത്സരം നടത്താറുണ്ടായിരുന്നത്. പക്ഷേ, ഭയഭക്തികാരണം അല്ലാഹു അവളെ കാത്തുരക്ഷിച്ചു.*(സ്വഹീഹുൽബുഖാരി, കിതാബുശ്ശഹാദാത്ത് ഹദീഥ് 2661)*ഇത് സ്വഹീഹ് ബുഖാരിയിലെ ദീർഘമായൊരു ഹദീഥാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹു മുന്നറിയിപ്പിന്റെ (താക്കീതുകളുടെ) പ്രവചനങ്ങളെ പശ്ചാത്താപം, പാപപ്പൊറുതി, ദുആ, സ്വദഖ എന്നിവകൊണ്ട് മാറ്റിവെക്കുന്നത് തന്റെ നടപടിക്രമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മനുഷ്യന് അവൻ ഇതേ സ്വഭാവമാണ് പഠിപ്പിച്ചിരിക്കുന്നത്. വിശുദ്ധ ഖുർആനിൽ നിന്നും ഹദീഥിൽ നിന്നും അതാണ് തെളിയുന്നത്. അതായത് ഹദ്റത്ത് ആഇശ(റ)യെ പറ്റി മുനാഫിഖീങ്ങൾ തികച്ചും വൃത്തികെട്ട നിലക്ക് എതിരിൽ അപരാധം പറഞ്ഞു പരത്തി. ആ ചർച്ചയിൽ ചില നിഷ്കളങ്കരായ സ്വഹാബാക്കളും ഉൾപ്പെടുകയുണ്ടായി. ഒരു സ്വഹാബി ഹദ്റത്ത് അബൂബക്ർ(റ)ന്റെ വീട്ടിൽനിന്ന് 2 നേരം ഭക്ഷണം കഴിച്ചിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) അദ്ദേഹത്തിന്റെ ഈ കുറ്റം കാരണം അല്ലാഹുവിനെ ശപഥം ചെയ്തുകൊണ്ട് ശിക്ഷ എന്ന നിലക്ക് ഉറച്ച തീരുമാനമെടുത്തു. അതായത് അദ്ദേഹം ഈ അനാവശ്യം പറഞ്ഞതിന് ശിക്ഷയെന്നോണം ഇനി ഒരിക്കലും ഭക്ഷണം കൊടുക്കുകയില്ലെന്ന്! ആ സമയത്ത് ഈ ആയത്ത് ഇറങ്ങി: **വൽയഅ്ഫൂ വൽയസ്ഫഹൂ അലാ തുഹിബ്ബൂന അൻയ്യഗ്ഫിറല്ലാഹുലക്കും വല്ലാഹു ഗഫൂറുർറഹീം**(24:23) അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) തന്റെ ശപഥം ഒഴിവാക്കി. ഭക്ഷണം തുടർന്നും കൊടുക്കുകയുണ്ടായി. അതുകൊണ്ട് ഇത് ഇസ്‌ലാമിക സ്വഭാവത്തിൽ ഉൾപ്പെടുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അതുകൊണ്ടുതന്നെ ഇസ്‌ലാമിക സ്വഭാവത്തിൽ അതായത് ശിക്ഷ എന്ന നിലക്ക് വല്ല ശപഥവും ചെയ്തിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കുന്നത് സൽസ്വഭാവത്തിൽ ഉൾപ്പെടുന്നു. ഉദാഹരണമായി ആരെങ്കിലും തന്റെ സേവകനെ പറ്റി ഞാൻ അയാളെ ചെരുപ്പുകൊണ്ട് 50 അടി നൽകുമെന്ന് ശപഥം ചെയ്തിട്ടുണ്ടെങ്കിൽ അയാളുടെ പശ്ചാത്താപവും താഴ്മയും കാരണം മാപ്പു കൊടുക്കുന്നത് ഇസ്‌ലാമിന്റെ നടപടിച്ചട്ടമാകുന്നു. അങ്ങനെ തഖല്ലുഖു ബി അഖ്‌ലാഖില്ലാഹ് അല്ലാഹുവിന്റെ സ്വഭാവം സ്വായത്തമാക്കുന്നതാണ്. എന്നാൽ, വാഗ്ദാനം ലംഘിക്കാൻ പാടില്ല. വാഗ്ദാനം ലംഘിച്ചാൽ ചോദ്യം ചെയ്യപ്പെടുന്നതാണ്. പക്ഷേ, ശിക്ഷിക്കുമെന്ന ശപഥത്തിൽ ചോദ്യം ചെയ്യപ്പെടുന്നതല്ല.' *(ഉമീമ ബറാഹീനെ അഹ്മദിയ്യ ഭാഗം 5, റൂഹാനീ ഖസാഇൻ വാല്യം 21 പേജ് 181)*

വാഗ്ദാനമെന്താണ്? മുന്നറിയിപ്പെന്താണ്? എന്നത് മറ്റൊരു വിഷയമാണ്. അത് നേരത്തേയും ഒരിക്കൽ വിവരിച്ചു കഴിഞ്ഞതാണ്. ഏതായാലും അഹ്സാബ് യുദ്ധത്തെ പറ്റിയാണ് ഇനി പരമാർശിക്കുന്നത്. ഇത് ഹിജ്റ 5–ാം വർഷം ശവ്വാൽ മാസത്തിലാണ് നടന്നത്. ഇത് മക്കയിലെ ഖുറയ്ശികൾക്കും മുസ്‌ലിമീങ്ങൾക്കും ഇടയിലുണ്ടായ മൂന്നാമത്തെ വലിയ യുദ്ധമാകുന്നു. ഇത് ഖന്ദഖ് യുദ്ധമെന്നും അറിയപ്പെടുന്നു. ഈ യുദ്ധം ഹിജ്റ 5–ാം വർഷം ശവ്വാലിലാണ് നടന്നത്. ഖുറയ്ശികൾ, ഖയ്ബറിലെ യഹൂദികൾ തുടങ്ങി മറ്റനേകം സംഘങ്ങളുമായി മദീനയെ ആക്രമിക്കാൻ വന്നിരുന്നു. അതുകൊണ്ട് വിശുദ്ധ ഖുർആൻ ഇതിന്റെ പേര് അഹ്സാബ് എന്നും പറയുന്നുണ്ട്. അതായത് അഹ്സാബ് യുദ്ധം.

നബി(സ)തിരുമേനി യഹൂദഗോത്രമായ ബനൂ നദീറിനെ നാടു കടത്തിയപ്പോൾ അവർ ഖയ്ബറിലേക്ക് പോയി. അവരിലെ ഉന്നതരും ആദരണീയരുമായ ചിലർ മക്കയിലേക്ക് പുറപ്പെട്ടു. അവർ ഖുറയ്ശികളെ ഒരുമിച്ചുകൂട്ടി നബി(സ)തിരുമേനിക്കെതിരിൽ പ്രകോപനം നടത്തിക്കൊണ്ടിരുന്നു. അവർ ഖുറയ്ശികളുമായി ഉടമ്പടി ചെയ്തു. എല്ലാവരും യുദ്ധം ചെയ്യാൻ സമ്മതിച്ചു. അതിനുവേണ്ടി അവർ ഒരു സമയം വാഗ്ദാനം ചെയ്തു. ബനൂ നദീറിലെ ആ ആളുകൾ ഖുറയ്ശികളുടെ അടുത്തുനിന്ന് പുറപ്പെട്ട് ഗത്ഫാൻ, സുലയിം ഗോത്രങ്ങളുടെ അടുക്കലെത്തി. അവരുമായും അതേ തരത്തിലുള്ള ഉടമ്പടി വെച്ചു. പിന്നെ അവർ അവരെ വിട്ടുപോയെങ്കിലും ഖുറയ്ശികൾ തയ്യാറായി. അവർ വ്യത്യസ്ത ഗോത്രങ്ങളേയും അവരുടെ സുഹൃത്തുക്കളായ അറബികളേയും ഒരുമിച്ചുകൂട്ടി. അങ്ങനെ അവരുടെ അംഗസംഖ്യ 4000 ആയി. അബൂസുഫ്‌യാൻ ബിൻ ഹർബ് അവരുടെ നേതാവായിരുന്നു. വഴിയിൽ മറ്റു ഗോത്രക്കാരായ ആളുകളും അവരോടൊപ്പം ചേർന്നിരുന്നു. അങ്ങനെ സൈന്യത്തിന്റെ മൊത്ത അംഗബലം 10000 ആയി.

നബി(സ)തിരുമേനിക്ക് അവർ മക്കയിൽനിന്ന് പുറപ്പെടുന്ന വാർത്ത കിട്ടിയപ്പോൾ അവിടന്ന് സ്വഹാബാക്കളെ വിളിച്ചു ചേർത്തു. അവർക്ക് ശത്രുക്കളെ പറ്റി അറിയിപ്പ് നൽകുകയും അതേ കുറിച്ച് അവരോട് അഭിപ്രായമാരായുകയും ചെയ്തു. അപ്പോൾ ഹദ്റത്ത് സൽമാൻ ഫാർസി കിടങ്ങ് കുഴിക്കാൻ അഭിപ്രായപ്പെടുകയും അത് മുസ്‌ലിമീങ്ങൾക്ക് ഇഷ്ടപ്പെടുകയും

ചെയ്തു. നബി(സ)തിരുമേനിയുടെ കാലത്ത് മദീനയുടെ വടക്കുഭാഗം തുറന്ന് കിടക്കുകയായിരുന്നു. ബാക്കി 3 ഭാഗത്ത് വീടുകളും ഈന്തപ്പനകളുമുണ്ടായിരുന്നു. അതിലൂടെ ശത്രുക്കൾക്ക് കടക്കാൻ കഴിയുമായിരുന്നില്ല. അങ്ങനെ തുറന്ന ഭാഗത്ത് കിടങ്ങ് കുഴിച്ച് പട്ടണത്തെ പ്രതിരോധിക്കാമെന്ന തീരുമാനമായി. നബി(സ)തിരുമേനി 3000 മുസ്‌ലിമീങ്ങളുമായി ചേർന്ന് കിടങ്ങ് കുഴിക്കാൻ തുടങ്ങി. അവിടന്ന് മറ്റു മുസ്‌ലിമീങ്ങൾക്കൊപ്പം കിടങ്ങ് കുഴിക്കുകയായിരുന്നു. അത് അവർക്ക് ആവേശം പകർന്നു. മൊത്തം 6 ദിവസം ഈ കിടങ്ങ് കുഴിച്ചു. ഈ കിടങ്ങിന്റെ നീളം ഏകദേശം 6000 അടി അതായത് 3.5 മൈൽ ആയിരുന്നു. *(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, വാല്യം 2, പേജ് 50-51, ഗസ്‌വത്തു റസൂലുല്ലാഹ് അൽഖൻദഖ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2017)(അറ്റ്ലസ് സീറത്തുന്നബ്‌വി(സ), പേജ് 278, ദാറുസ്സലാം ഹിജ്റ 1424)*

ഹദ്റത്ത് അബൂബക്ർ(റ), നബി(സ)തിരുമേനിയുടെകൂടെത്തന്നെ ഉണ്ടായിരുന്നു. കിടങ്ങ് കുഴിക്കുമ്പോൾ ഹദ്റത്ത് അബൂബക്ർ തന്റെ വസ്ത്രത്തിൽ മണ്ണ് എടുക്കുമായിരുന്നു. അദ്ദേഹവും കിടങ്ങ് കുഴിക്കുന്നതിൽ മറ്റു സ്വഹാബാക്കളോടൊപ്പം ചേർന്ന് ജോലി ചെയ്തു; അങ്ങനെ നിശ്ചിത സമയത്തിനുള്ളിൽ കിടങ്ങ് കുഴിക്കുന്നത് പൂർത്തിയാകുന്നതിനു വേണ്ടി. *(അൽഖലീഫത്തുൽഅവ്വൽ അബൂബക്ർ സ്വിദ്ദീഖ്, ദക്തൂർ അലി മുഹമ്മദുസ്സ്വലാബീ, പേജ് 65-66, ഫിൽഖൻദഖി വ ബനീ ഖുറയ്ള, ദാറുൽമഅ്രിഫ, ബെയ്റുത്ത് 2006)*

കിടങ്ങ് കുഴിക്കുന്നതിൽ ഒരു മുസ്‌ലിമും പിന്നിലായില്ല. ഹദ്റത്ത് അബൂബക്റിനും ഹദ്റത്ത് ഉമറിനും മൺകുട്ടകൾ കിട്ടാതാകുമ്പോൾ അവർ ഉടൻതന്നെ തങ്ങളുടെ വസ്ത്രങ്ങളിൽ മണ്ണ് എടുക്കുകയും ചെയ്തിരുന്നു. അവർ രണ്ടുപേരും ഒരു ജോലിയിലും യാത്രയിലാണെങ്കിലും അല്ലെങ്കിലും വേർപിരിഞ്ഞിരുന്നില്ല. *(സുബുലുൽഹുദാ വർറശാദ് വാല്യം 4, പേജ് 365, പ്രാസധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993)*

നബി(സ)തിരുമേനി കിടങ്ങ് കുഴിക്കുന്നതിൽ നല്ലപോലെ ജോലി ചെയ്തു. ചിലപ്പോൾ പിക്കാസുകൊണ്ട് പണിയെടുത്തു. ചിലപ്പോൾ താഴെയുള്ള മണ്ണ് ഒരുമിച്ചുകൂട്ടി. മറ്റു ചിലപ്പോൾ കുട്ടയിൽ മണ്ണ് ചുമന്നു. ഒരു ദിവസം നബി(സ) തിരുമേനിക്ക് വല്ലാതെ ക്ഷീണം തോന്നിയപ്പോൾ ഇരുന്നു. പിന്നെ ഇടതുവശം കല്ലിൽ ചാരിയിരുന്നുപ്പോൾ നബി(സ)തിരുമേനിക്ക് ഉറക്കം വന്നു. അപ്പോൾ ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും നബി(സ)തിരുമേനിയുടെ തലഭാഗത്ത് നിന്നു. നബി(സ)തിരുമേനിയുടെ അടുത്തുടെപോയി ആ മഹാത്മാവിനെ ഉണർത്താതിരിക്കാൻ ജനങ്ങളെ തടഞ്ഞുകൊണ്ടിരുന്നു. *(സുബുലുൽഹുദാ വർറശാദ് വാല്യം 4, പേജ് 367, പ്രാസധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1993)*

ഖുറയ്ശികളുടെയും അവരുടെ സഹായികളുടെയും 10000 വരുന്ന സൈന്യം മദീനയിലെ മുസ്‌ലിമീങ്ങളെ വളഞ്ഞപ്പോൾ ഹദ്റത്ത് അബൂബക്ർ മുസ്‌ലിമീങ്ങളുടെ സൈന്യത്തിന്റെ ഒരു ഭാഗത്ത് നേതൃത്വം നൽകുകയായിരുന്നു. ഹദ്റത്ത് അബൂബക്ർ നേതൃത്വം നൽകിയ ഈ ഭാഗത്ത് പിന്നീട് ഒരു മസ്ജിദ് നിർമിച്ചു. അത് മസ്ജിദ് സിദ്ദീഖ് എന്നറിയപ്പെടുന്നു. *(സയ്യിദുനാ സ്വിദ്ദീഖെ അക്ബർ, അൽഹാജ് ഹക്കീം ഗുലാം നബി, പേജ് 41, ആർ പ്രസ്സ്, ആർ പ്രിന്റേഴ്സ് ലാഹോർ, 2010)*

ഈ അനുസ്മരണം ഇനിയും തുടരുന്നതാണ്. ഈ സമയത്ത് ഞാൻ ചില പരേതാത്മക്കളെ അനുസ്മരിക്കാൻ ആഗ്രഹിക്കുന്നു. ഇതിൽ ആദ്യത്തേത് മുഖ്താർ അഹ്മദ് ഗോൻദൽ സാഹിബിന്റെ ഭാര്യ മുബാറക്ക ബീഗം സാഹിബയുടേതാണ്. അവർ ജനുവരി 11 ന് 93-ാം വയസിൽ വഫാത്തായി *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ചൗദരീ ഗുലാം മുഹമ്മദ് ഗോൻദൽ സാഹിബിന്റെ മകന്റെ ഭാര്യയാണ്. ജമാഅത്തിന്റെ സേവനങ്ങൾ വളരെ താൽപര്യപൂർവ്വം ചെയ്തിരുന്നു. തന്റെ ഗ്രാമമായ ചെക്ക് 99 നോർത്തിലെ സ്വദ്ർ ലജ്നയുമാ യിരുന്നു. നമസ്കാരം, നോമ്പ് തുടങ്ങിയ കാര്യങ്ങളിൽ ശുഷ്കാന്തിയുള്ളവരും സാധുസംരക്ഷകയും ആത്മാർഥതയുളളവരുമായിരുന്നു.

ജീവിതത്തിലുടനീളം കുട്ടികളേയും മുതിർന്നവരേയും വിശുദ്ധ ഖുർആൻ പഠിപ്പിക്കാൻ തൗഫീഖ് ലഭിച്ചിരുന്നു. പരേത മൂസ്വിയയായിരുന്നു. സന്തപ്ത കുടുംബത്തിൽ 5 ആൺമക്കളും 3 പെൺ മക്കളുമുണ്ട്. മകൻ ഇഫ്തിഖാർ ഗോൻദൽ സാഹിബ് സിയറലിയോണിൽ മുബല്ലിഗാണ്. മുറബ്ബിയായ ഫുആദ് അഹ്മദ് സാഹിബിന്റെ മാതാമഹിയാണ്. കൂടാതെ അവരുടെ കുടുംബത്തിൽ പേരമക്കളിൽ ഇനിയും മുറബ്ബിമാരും ജീവിതം വഖഫു ചെയ്തവരുമുണ്ട്. അല്ലാഹു പരേതയോട് പൊറുക്കലോടും കരുണയോടുംകൂടി പെരുമാറട്ടെ. അവരുടെ ദുആകൾ അവരുടെ തലമുറയ്ക്ക് വേണ്ടിയും സ്വീകരിക്കുമാറാകട്ടെ.

രണ്ടാമത്തെ അനുസ്മരണം മീർ അബ്ദുൽ വഹീദ് സാഹിബിന്റേതാണ്. ഇദ്ദേഹം ജനുവരി 12നും 13നും ഇടയ്ക്കുള്ള രാത്രി വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* 58 വയസ്സായിരുന്നു. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ പ്രപിതാമഹൻ മീർ അഹ്മദ് ദീൻ സാഹിബ് മുഖേനയാണ് അഹ്മദിയ്യത്ത് എത്തിയത്. അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ കാലത്ത് 1911-ലാണ് അഹ്മദിയ്യത്ത് സ്വീകരിച്ചത്. കുടുംബത്തിൽ ഏക അഹ്മദിയായിരുന്നു. മാതാവിന്റെ കുടുംബത്തിൽ മാതാമഹൻ ശേയ്ഖ് അല്ലാഹ് ബഖ്ശ് സാഹിബ് മുഖേനയാണ് അഹ്മദിയ്യത്ത് എത്തിയത്. അബ്ദുൽ വഹീദ് സാഹിബിന്റെ പിതാമഹന്റെ പേര് അബ്ദുൽ കരീം സാഹിബ് എന്നായിരുന്നു. അദ്ദേഹത്തിന് തബ്‌ലീഗ് ചെയ്യുന്നതിൽ വലിയ താൽപര്യമായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ പിതാമഹൻ പിശാവറിൽ മൗലവി അബ്ദുൽ കരീം എന്നാണ് അറിയപ്പെട്ടിരുന്നത്. നല്ല വായനാശീലമുണ്ടായിരുന്നു. സ്വന്തമായി ലൈബ്രറിയുമുണ്ടായിരുന്നു. 1974-ൽ അസംബ്ലിയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ നേതൃത്വത്തിൽ നാലംഗ സംഘം പോകുമ്പോൾ ലഭ്യമല്ലാത്ത പല പുസ്തകങ്ങളും ആവശ്യമായിരുന്നു. അവ ഇദ്ദേഹത്തിന്റെ ലൈബ്രറിയിൽ നിന്നാണ് കിട്ടിയത്. ഇത് അദ്ദേഹത്തിന്റെ സഹോദരി ഭർത്താവ് തന്ന നിവേദനമാണ്. 2020 സെപ്തംബർ 9 ന് പ്രവാചകനിന്ദയുടെ കള്ളകേസിൽ 295 സി വകുപ്പു പ്രകാരം മീർ അബ്ദുൽ വഹീദ് സാഹിബിനും കുടുംബത്തിനും എതിരിൽ കേസെടുത്തു. മുല്ലാക്കളും ജനങ്ങളും അദ്ദേഹത്തിന്റെ വീട് വളഞ്ഞു. എന്നാൽ, പോലീസ് എങ്ങനെയൊക്കെയോ അദ്ദേഹത്തേയും കുടുംബത്തേയും അവിടെനിന്ന് രക്ഷപ്പെടുത്തി റാവൽപിണ്ടിയിലെത്തിച്ചു. കുറച്ചു ദിവസത്തിനു ശേഷം റാവൽപിണ്ടിയിൽ അദ്ദേഹത്തിന്റെ വീട് റൈഡ് ചെയ്ത് പോലീസ് അദ്ദേഹത്തിന്റെ മകൻ അബ്ദുൽ മജീദിനെ അറസ്റ്റ് ചെയ്തു. അല്ലാഹു മീർ അബ്ദുൽ വഹീദ് സാഹിബിന് 2 പെൺമക്കളേയും ഒരു ആൺകുട്ടിയേയും നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ മകൻ അബ്ദുൽ മജീദിനെ പറ്റിയാണ് പറഞ്ഞത്. ഇപ്പോഴും അസീറാനെ റാഹെമൗല (ദൈവമാർഗത്തിലെ തടവുകാരൻ) ആണ്. ജയിലിൽ തന്നെയാണ്. പിതാവിന്റെ ജനാസയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. അല്ലാഹു മർഹൂമിനോട് കാരുണ്യത്തോടും പൊറുമയോടുംകൂടി പെരുമാറട്ടെ. സന്തപ്ത കുടുംബത്തിന് സഹനവും സ്ഥൈര്യവും നൽകുമാറാകട്ടെ. ജയിലിലുള്ള മകന് ഏകദേശം 20 വയസ്സാണ്. അല്ലാഹു അദ്ദേഹത്തിന് എത്രയും വേഗം മോചനത്തിന് വഴിയൊരുക്കുമാറാകട്ടെ.

മൂന്നാമത്തെ അനുസ്മരണം സയ്യിദ് വഖാർ അഹ്മദ് സാഹിബ് അമേരിക്കയുടേതാണ്. ജനുവരി 17-ന് 58-ാമത്തെ വയസ്സിൽ ഹൃദയസ്തംഭനം മൂലം വഫാത്തായി *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹത്തിന്റെ, അതായത് വഖാർ അഹ്മദ് സാഹിബിന്റെ ഭാര്യ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബി(റ)ന്റെ ദൗഹിത്രിയുടെ മകളും ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ പൗത്രന്റെ മകളുമാണ്. ഇങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബവുമായും ഇദ്ദേഹത്തിന് ബന്ധമുണ്ട്. ഇദ്ദേഹത്തിന്റെ വിവാഹം ശാഹ് സാഹിബിന്റെ കുടുംബത്തിലാണ് നടന്നത്.

അദ്ദേഹത്തിന്റെ ഭാര്യ ശാസിയ ഖാൻ പറയുന്നു: 'ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് എന്നോട് വിവാഹ സംബന്ധമായി ദുആക്ക് പറഞ്ഞിരുന്നു. ദുആക്കുശേഷം ഞാൻ സമ്മതിച്ചപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ഈ വിവാഹത്തിന് അനുമതി നൽകി. അതായത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ആണ് ഈ വിവാഹം നടത്തി തന്നത്.' അവർ എഴുതുന്നു: 'വഖാർ സാഹിബ് 33 വർഷത്തെ വിവാഹ ജീവിതത്തിൽ എന്റെ വിരൽ പിടിച്ച് നടത്തുകയായിരുന്നു. എല്ലാ ആവശ്യങ്ങളും ആഗ്രഹങ്ങളും ശ്രദ്ധിച്ചിരുന്നു. അനുപമനായ പിതാവായിരുന്നു. തനിക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ല. സാദാ മനുഷ്യനായിരുന്നു. തന്റേതായ ആഗ്രഹമൊന്നും ഇല്ലായിരുന്നു. എന്തെങ്കിലും ഉണ്ടെങ്കിൽത്തന്നെ അത് വീട്ടുകാർക്കുവേണ്ടി ത്യജിക്കുമായിരുന്നു.' പറയുന്നു: 'അദ്ദേഹം ആരോടോ അങ്ങേയറ്റം അഭിമാനത്തോടെ 'ഞാൻ മസ്ജിദിൽ പോകുകയാണ്. എന്റെ പ്രതിജ്ഞ ആവർത്തിച്ചു പറയുകയാണ്. ഈ പ്രതിജ്ഞ നിറവേറ്റുന്നതിനെക്കാൾ കൂടുതൽ അനിവാര്യമായി എനിക്ക് മറ്റൊന്നുമില്ല. എല്ലാ വസ്തക്കളും ഈ പ്രതിജ്ഞയിൽ ബലിയർപ്പിക്കാൻ എനിക്കു കഴിയും' എന്ന് പറഞ്ഞ ദിവസമായി

രുന്നു എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും മനോഹരമായ ദിവസം. ഇത് വെറും വാക്കുകളല്ല. പ്രത്യുത എനിക്കറിയാം വളരെ കഠിനമായ പരീക്ഷണം അദ്ദേഹത്തിനുണ്ടായി. അപ്പോഴും അദ്ദേഹം ഈ പ്രതിജ്ഞ നിറവേറ്റി. ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുമെന്ന പ്രതിജ്ഞ നിറവേറ്റി. നിറവേറ്റിക്കൊണ്ടിരുന്നു. ഇക്കാര്യത്തിൽ ഒരു കുടുംബബന്ധത്തേയും വകവെച്ചില്ല. ഖിലാഫത്തിനോടുള്ള അനുസരണത്തിൽ ഒരിക്കലും ചുവട് പുറത്തുവെച്ചില്ല.'

പറയുന്നു: 'അദ്ദേഹത്തിന് മനസിലാകാത്ത കാര്യത്തിലും അനുസരണം പുലർത്തി, അതായത് നമ്മുടെ കടമ അനുസരണമാണ്.'

പറയുന്നു: 'എന്നോടും അതേപറ്റി ഉപദേശിച്ചിരുന്നു. സാമ്പത്തിക ത്യാഗത്തിൽ ഒരിക്കലും അലസത കാണിച്ചില്ല.' അദ്ദേഹത്തിന്റെ മകൻ സയ്യിദ് ആദിൽ അഹ്മദ് മുറബ്ബി സിൽസില, ജാമിഅ അഹ്മദിയ്യാ കാനഡയിൽനിന്ന് ശാഹിദ് പാസായ ആളാണ്. പറയുന്നു: 'അല്ലാഹുവിന്റെ അനുഗ്രഹത്താൽ എന്റെ പിതാവ് ഒരു സാദാ, ആത്മാർഥതയുള്ള മനുഷ്യനായിരുന്നു. ഒരിക്കലും തന്നെ കുറിച്ച് ചിന്താകുലനായിരുന്നില്ല. എപ്പോഴും മക്കളേയും ഉമ്മയേയും ശ്രദ്ധിച്ചു. നല്ലത് ഒന്നും തന്നെ തനിക്ക് വേണ്ടി വാങ്ങിയിട്ടില്ല. പലപ്പോഴും സ്വന്തമായിട്ടു ചെലവ് ചെയ്യാൻ ഓർമപ്പെടുത്തേണ്ടി വന്നിരുന്നു. മുറബ്ബിമാരേയും ജമാഅത്ത് നിളാമിനേയും ബഹുമാനിച്ചിരുന്നു.' അദ്ദേഹത്തിന്റെ ഭാര്യാപിതാവ് മഹ്മൂദ് ഖാൻ സാഹിബ്, അതായത് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ ദൗഹിത്രനും ഹദ്റത്ത് നവാബ് മുബാറക ബീഗം സാഹിബയുടെ പൗത്രനുമാണ്. എഴുതുന്നു: 'വഖാർ, അതായത് അദ്ദേഹത്തിന്റെ ജാമാതാവ്, വളരെ നല്ല സ്വഭാവമുള്ള ആതിഥേയനായിരുന്നു.' പറയുന്നു: 'ഞാൻ ഒരിക്കലും അദ്ദേഹത്തിന്റെ നെറ്റിയിൽ ചുളിവ് കണ്ടിട്ടില്ല; എത്ര അതിഥികൾ വന്നാലും എന്തൊക്കെ സംഭവിച്ചാലും അദ്ദേഹത്തിന് എന്തൊക്കെ പ്രശ്നമാണെങ്കിലും ശരി.' പറയുന്നു: 'എനിക്കോർമയുണ്ട്, മകൻ ആദിലിന്റെ അരക്ഷിതമായ ജീവിതത്തിൽ ശകാരിച്ചിരുന്നു. ആദിൽ വഖ്ഫു ചെയ്തപ്പോൾ വഖാറിന്റെ നിലപാടും മാറി. പിന്നെ ഈ മകൻ എറ്റവും അടുപ്പമുള്ളവനായി. അവനെ ഏറെ ആദരിക്കാനും തുടങ്ങി.'

അബുദാബി മുൻ അമീർ മുനീർ സാഹിബ് എഴുതുന്നു: 'വഖാർ സാഹിബ് കുടുംബത്തോടൊപ്പം അബൂദാബിയിൽ ജോലി ചെയ്തിരുന്നപ്പോൾ അദ്ദേഹവുമായി നല്ല കുടുംബ ബന്ധമായി. ഒരു പ്രൊഫഷണൽ ആയിരുന്നു. ബാങ്കിൽ ജോലി ചെയ്തിരുന്നു. ബാങ്കർ ആയിരുന്നു. ലാളിത്യവും ഇടപഴകലും അദ്ദേഹത്തിന്റെ സവിശേഷ സ്വഭാവമായിരുന്നു. ജമാഅത്തിനോടും ആഴത്തിലുള്ള ബന്ധമായിരുന്നു. ഖിലാഫത്തിനോട് സീമാതീതമായ സ്നേഹവും അനുസരണവുമുണ്ടായിരുന്നു.' പറയുന്നു: 'അമേരിക്കയിൽ പോകുന്നതുവരേയും തന്റെ താമസ സ്ഥലം ജമാഅത്തി ആവശ്യങ്ങൾക്ക് വേണ്ടി വളരെ സന്തോഷത്തോടെ സമർപ്പിച്ചിരുന്നു. അത് ജുമുഅക്കും മറ്റ് ഇജ്തിമാകൾക്കും ഉപകാരപ്പെട്ടിരുന്നു. ജമാഅത്തിന്റെ ഇന്റേർനൽ ഓഡിറ്റർ എന്ന നിലക്കും സേവനം ചെയ്യാൻ അദ്ദേഹത്തിന് തൗഫീഖ് കിട്ടിയിട്ടുണ്ട്.' സയ്യിദ് ഹാശിം അക്ബർ എഴുതുന്നു: 'ഞാൻ അദ്ദേഹത്തോടൊപ്പം ജോലി ചെയ്തിട്ടുണ്ട്. എപ്പോഴും എല്ലാവരോടും ഇടപഴകുകയും സൃഷ്ടി സേവനം ചെയ്യുന്നതായിട്ടുമാണ് കണ്ടിട്ടുള്ളത്. അല്ലാഹു അദ്ദേഹത്തിൽ മഗ്ഫിറത്തും കാരുണ്യവും ചൊരിയുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും നന്മകൾ ചെയ്യാൻ തൗഫീഖ് നൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ ദുആകൾ മക്കൾക്കുവേണ്ടി സ്വീകരിക്കുമാറാകട്ടെ. ജുമുഅ നമസ്കാരത്തിനുശേഷം ഇവരുടെ ജനാസഗാഇബ് നമസ്കരിക്കുന്നതാണ്. ഇൻശാഅല്ലാഹ്.

പേജ് 8 ൽ നിന്ന്

അങ്ങനെ ഞാൻ നബി(സ)തിരുമേനിയുടെ അടുത്തെത്തിയപ്പോൾ അവിടത്തെ മുമ്പിലുള്ള രണ്ടുപല്ലിന്റേയും ഉളിപ്പല്ലിന്റേയും ഇടയിലുള്ള പല്ല് പോയിരിക്കുന്നതു കൂടാതെ മുഖത്തും പരിക്കേറ്റിട്ടുള്ളതായി കണ്ടു. അവിടത്തെ തിരുകപോലത്തിനുള്ളിൽ ശിരോകവചത്തിന്റെ ആണികൾ തറച്ചു കയറിയിരുന്നു.' നബി(സ) തിരുമേനി പറഞ്ഞു: 'നിങ്ങൾ രണ്ടുപേരും നിങ്ങളുടെ സുഹൃത്തിനെ സഹായിക്കുക. അതുകൊണ്ടുദ്ദേശിച്ചിരുന്നത് ത്വൽഹയെ ആയിരുന്നു. അദ്ദേഹത്തിന്റെ രക്തം ഒരുപാട് വാർന്നൊലിക്കുന്നുണ്ടായിരുന്നു. നബി(സ)തിരുമേനി തന്നെ നോക്കൂ എന്നല്ല, പ്രത്യുത ത്വൽഹായെ നോക്കാനാണ് പറഞ്ഞത്. ഞങ്ങൾ അദ്ദേഹത്തെ വിട്ടുകൊണ്ട് ഇരുമ്പുതൊപ്പിയുടെ ലോഹവളയങ്ങൾ നബിയുടെ കവിൾത്തടത്തിൽനിന്ന് എടുക്കാനായി ഞാൻ മുന്നോട്ടു നീങ്ങി. അപ്പോൾ അബൂ ഉബയ്ദാ ബിൻ ജർറാഹ് പറഞ്ഞു: 'എന്റെ കടമകളുടെമേൽ സത്യം ചെയ്തു കൊണ്ടു ഞാൻ പറയുന്നു, താങ്കൾ ഇത് എനിക്കു വിട്ടുതരിക. (അതായത് ഞാനത് എടുക്കാം) ഞാൻ ആ ജോലി അദ്ദേഹത്തിനു വിട്ടുകൊടുത്തപ്പോൾ അദ്ദേഹം ആ ലോഹവളയങ്ങൾ കൈകൊണ്ട് എടുത്താൽ നബി(സ)തിരുമേനിക്ക് ബുദ്ധിമുട്ടാകും എന്നു കരുതി വായകൊണ്ടെടുക്കാൻ ശ്രമിച്ചു. ഒരു വളയമെടുത്തപ്പോൾ അതോടൊപ്പം അദ്ദേഹത്തിന്റെ മുന്നിലെ ഒരു പല്ല് പൊട്ടിവീണു. അപ്പോൾ രണ്ടാമത്തെ വളയം അതുപോലെ എടുക്കുന്നതിനായി ഞാൻ വീണ്ടും മുന്നോട്ടുപോയി. ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു: ഞാനും രണ്ടാമത്തെ വളയമെടുക്കാൻ ശ്രമിക്കാം. അപ്പോൾ അബൂഉബയ്ദ(റ)അതുപോലെതന്നെ പറഞ്ഞു. എന്റെ കടമകളുടെമേൽ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു:താങ്കൾ അത് എനിക്ക് വിട്ടുതരിക. അപ്പോൾ ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ)പിന്നിലേക്ക് മാറി. ഹദ്റത്ത് അബൂഉബയ്ദ ബിൻ ജർറാഹ് ആദ്യം ചെയ്തതുപോലെതന്നെ ചെയ്തു. അപ്പോൾ ലോഹവളയത്തോടൊപ്പം അദ്ദേഹത്തിന്റെ മുമ്പിലുള്ള രണ്ടാമത്തെ പല്ലും പൊട്ടിവന്നു. അബൂഉബയ്ദ(റ)മുന്നിലെ പൊട്ടിയ പല്ലുള്ളവരിൽ എറ്റവും സുന്ദരനായിരുന്നു.

ഞങ്ങൾ നബി(സ)തിരുമേനിയുടെ ചികിത്സയ്ക്കുശേഷം ത്വൽഹായുടെ അടുത്തുപോയി. അദ്ദേഹം ഒരു കുഴിയിലായിരുന്നു. നോക്കിയപ്പോൾ കുന്തത്തിന്റേയും വാളിന്റേയും അമ്പിന്റേയും ചുരുങ്ങിയത് 70 മുറിവുകളെങ്കിലുമുണ്ടായിരുന്നു. കൂടാതെ വിരൽ അറ്റുപോയിരുന്നു. ഞങ്ങൾ അദ്ദേഹത്തിന് മരുന്നുകൾ വെച്ചുകെട്ടി.(സുബുലുൽഹുദാ, വാള്യം4, പേജ് 199-200, ഗസ്വയെ ഉഹുദ്, പ്രാസധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1993)(ലുഗാത്തുൽ ഹദീഥ്, പദം റുബാഇനുഅ്മാനീ, കുതുബു ഖാന ലാഹോർ 2005)

ഹദ്റത്ത് അബൂ ഉബയ്ദയെ കൂടാതെ ഹദ്റത്ത് ഉഖ്ബ ബിൻ വഹ്ബിനേയും ഹദറത്ത് അബൂബക്റിനേയും സംബന്ധിച്ചും നിവേദനത്തിൽ കിട്ടുന്ന വിവരം അവർ രണ്ടു പേരും തിരുകപോലത്തിനുള്ളിലമർന്നുപോയ ആണികൾ എടുക്കുകയുണ്ടായെന്നാണ്. (ശറഹ് സുർഖാനി വാള്യം 2, പേജ് 425, ഗസ്വത്തു ഉഹുദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്1996) പക്ഷേ, ആദ്യത്തെ നിവേദനം തന്നെയാണ് കൂടുതൽ ഉചിതമായിട്ടുള്ളത്.

ഉഹുദ് യുദ്ധദിവസം നബി(സ)തിരുമേനി സ്വഹാബാക്കളുടെ കൂടെ പർവ്വതത്തിലേക്ക് കയറിയപ്പോൾ നിഷേധികളും നബി(സ)തിരുമേനിക്കു പിന്നാലെ വന്നു. സ്വഹീഹ് ബുഖാരിയിയുള്ള നിവേദനത്തിൽ പറയുന്നു: അപ്പോൾ അബൂസുഫ്യാൻ പറഞ്ഞു: അക്കൂട്ടത്തിൽ മുഹമ്മദ് ഉണ്ടോ? എന്ന് മൂന്നു പ്രാവശ്യം വിളിച്ചു ചോദിച്ചു. അയാൾക്ക് ഉത്തരം നല്കാൻ നബി(സ)തിരുമേനി അനുവദിച്ചില്ല. പിന്നീട് അക്കൂട്ടത്തിൽ അബൂഖുഹാഫയുടെ മകൻ ഉണ്ടോ എന്നും മൂന്നു പ്രാവശ്യം വിളിച്ചു ചോദിച്ചു. ഖത്ത്വാബിന്റെ മകൻ അക്കൂട്ടത്തിലുണ്ടോ?എന്നും മൂന്നു പ്രാവശ്യം വിളിച്ചു ചോദിച്ചു. ശേഷം അയാൾ തന്റെ കൂട്ടുകാരുടെ അടുക്കലേക്ക് മടങ്ങിച്ചെന്നിട്ടു പറഞ്ഞു: ഇതാ ഇവരെല്ലാവരും കൊല്ലപ്പെട്ടു കഴിഞ്ഞു. അന്നേരം ഉമറിന് തന്റെ മനസ്സിനെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം വിളിച്ചു പറഞ്ഞു:അല്ലാഹുവിന്റെ ശത്രൂ!നീയെണ്ണിപ്പറഞ്ഞവരെല്ലാവരും ജീവിച്ചിരിപ്പുണ്ട്. നിന്നെ ദുഖിതനാക്കാനുള്ളവർ ഇവിടെ അവശേഷിക്കുന്നുണ്ട്.' (സ്വഹീഹ് ബുഖാരി, കിതാബുൽജിഹാദി വസ്സിയരി ബാബു മാ ബുക്റഹു മിനത്തനാസുയി വൽഇഖ്തിലാഫി ഫിൽഹർബി വ ഉഖൂബത്തി മൻ അസ്വാ ഇമാമഹൂ ഹദീഥ് നമ്പർ 3039)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നബി(സ)തിരുമേനിക്ക് പരിക്കേറ്റ് മോഹാലസ്യപ്പെട്ടതും അതിനുശേഷവുമുള്ള സംഭവങ്ങൾ വിവരിച്ചുകൊണ്ട് പറയുന്നു:അൽപ്പനേരം കഴിഞ്ഞപ്പോൾ തിരുനബിക്ക് ബോധം വന്നു. ആ പുണ്യപുമാനെ ചുറ്റിക്കൂടിയ അംഗരക്ഷകന്മാർ മുസ്‌ലിമീങ്ങളോടു വീണ്ടും ഒരുമിച്ചു കൂടാൻ ചൊല്ലിയയച്ചു. ചിതറിപ്പോയ ഒരു സൈന്യം പിന്നെയും ഒരുമിച്ചു കൂടാൻ തുടങ്ങി. ആ കുന്നിന്റെ അടിവാരത്തിലേക്കു അവർ തിരുമേനിയെ എടുത്തുകൊണ്ടുപോയി. ഈ ശേഷിച്ച മുസ്‌ലിം വിഭാഗത്തെ കണ്ടിട്ടു ശത്രുസേനാനിയായ അബൂസുഫിയാൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: 'ഞങ്ങൾ മുഹമ്മദിനെ കൊന്നിരിക്കുന്നു!'അഹങ്കാരപ്രമത്തത അലതല്ലിയ ആ വിജയാട്ടഹാസം നബി(സ)തിരുമേനി കേൾക്കാതിരുന്നില്ല. പരിക്ഷീണിതവും വിഗതവീര്യവുമായ മുസ്‌ലിം സേനാവിഭാഗത്തെ വീണ്ടും ആക്രമിക്കുമെന്നു കരുതി അവർക്കുത്തരം നൽകരുതെന്നു അവിടന്ന് താക്കീതു ചെയ്തു. മറുപടിയില്ലെന്നു കണ്ടപ്പോൾ മുഹമ്മദ്(സ) മരിച്ചതു തന്നെയെന്നു അബൂസുഫ്യാൻ തീർച്ചയാക്കി. ഉന്മത്തരൂക്ഷമായ വിജയത്തിമർപ്പോടെ പിന്നെയും ശത്രുസ്നോനി ജയാരവം ഉയർത്തി:"ഞങ്ങൾ അബൂബക്റിനെയും കൊന്നിരിക്കുന്നു!''മറുപടി നൽകരുതെന്നു നബി(സ)തിരുമേനി അബൂബക്റിന്റെ നേരെയും തർജ്ജനി ഉയർത്തി. അബൂസുഫിയാൻ മൂന്നാമതും വിളിച്ചു പറഞ്ഞു:"ഞങ്ങൾ ഉമറിനെയും കൊന്നിരിക്കുന്നു!''മറുപടി നൽകരുതെന്നു നബി(സ)തിരുമേനി ഹദ്റത്ത് ഉമറിനെയും വിരോധിച്ചു. മൂന്നു മഹാരഥന്മാരെയും തങ്ങൾ വധിച്ചുകഴിഞ്ഞെന്നു ശത്രുസേനാനി അത്യുച്ചത്തിൽ പ്രഖ്യാപിച്ചു. ഹദ്റത്ത് ഉമറിനു അടങ്ങിയിരിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം മറുപ

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 03 March 2022 Issue-9

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

ടി നൽകി,‘‘ഞങ്ങളെല്ലാം ദൈവേച്ഛയാ ജീവിച്ചിരിക്കുന്നു! നിങ്ങളോടു പൊരുതാൻ ഇതാ തയ്യാറാണ്!’’അബൂസുഫ്‌യാൻ മക്കക്കാരുടെ ദേശീയ ജയഭേരി മുഴക്കി: **ഉഅ്‌ലു ഹുബൽ! ഉഅ്‌ലു ഹുബൽ!!**(ഹുബൽ കീ ജേ! ഹുബൽ കീ ജേ!!)എന്തെന്നാൽ, ഹുബൽ ഇസ്‌ലാമിനു അറുതി വരുത്തിയിരിക്കുന്നു!!!(മക്കക്കാരുടെ ദേശീയ ദേവതയാണ് ഹുബൽ)

ഏകനായ, ഏകമാത്രനായ സത്യദൈവത്തിനെതിരിൽ, പൊയ് ദൈവത്തിനു മുഴക്കപ്പെട്ട ആ ജയഭേരി കേട്ടു സഹിക്കാൻ നബി തിരുമേനിക്കു കഴിഞ്ഞില്ല. താനും മുസ്‌ലിമീങ്ങളുമെല്ലാം തന്നെയും ആ ഏകനായ സത്യദൈവത്തിനുവേണ്ടി എല്ലാം എല്ലാം ത്യജിക്കുവാൻ തയ്യാറല്ലേ? താൻ മരിച്ചു പോയെന്ന ശത്രുവിന്റെ പ്രഖ്യാപനത്തെ തിരുത്താൻ നബി(സ) തിരുമേനി ബദ്ധപ്പെട്ടില്ല. അബൂബക്റിന്റെയും ഉമറിന്റെയും മരണത്തെക്കുറിച്ചുള്ള തെറ്റുധാരണ നീക്കാനും തയ്യാറായില്ല. അതിനെല്ലാം തന്ത്രപരമായ കാരണങ്ങളുണ്ടായിരുന്നു! തുലോം ശോഷിച്ച ഒരു സൈന്യ വിഭാഗമേ ശേഷിച്ചിരിക്കുന്നുള്ളൂ താനും. ശത്രു സേനയാണെങ്കിൽ വമ്പിച്ചതും സർവായുധസജ്ജീകൃതവും. ഏതു നിസ്സാര പ്രകോപനവും അപകടപൂർണ്ണമാണ്. എന്നാലും, ശത്രു ഇപ്പോൾ ദൈവത്തെയാണ് അവഹേളിച്ചിരിക്കുന്നത്. അത്തരം അവഹേളനങ്ങളെ പൊറുക്കാൻ അല്ലാഹുവിന്റെ പ്രവാചകനു ഒരിക്കലും സാധ്യമല്ല. ആ ദിവ്യപുരുഷന്റെ ആത്മ വീര്യം ഉജ്ജ്വലിതമായി. അദ്ദേഹം ധർമ്മരോഷത്തോടെ ചുറ്റുമുള്ള ഭക്തജനത്തെ നോക്കി! ’’എന്തേ മിണ്ടാതിരിക്കുന്നു? മറുപടി നൽകാത്തതെന്തേ? ഏകനായ സത്യദൈവത്തെ അവിശ്വാസികൾ അവഹേളിച്ചിരിക്കുന്നതു കേട്ടില്ലേ?’’ എന്തു മറുപടിയാണ് അല്ലാഹുവിന്റെ റസൂലേ ഞങ്ങൾ നൽകേണ്ടത്?അവർ ചോദിച്ചു.“**അല്ലാഹു അഅ്‌ലാവഅജല്ല, അല്ലാഹു അഅ്‌ലാവഅജല്ല’’** (അല്ലാഹു അത്രെ ഏറ്റവും ഉന്നതൻ, അവനത്രെ മഹനീയൻ; അല്ലാഹു അത്രെ ഏറ്റവും ഉന്നതൻ, അവനത്രെ മഹനീയൻ) എന്നു വിളിച്ചു പറയാൻ നബി കൽപിച്ചു. ആ വീറുറ്റ സങ്കര ശബ്ദം അന്തരീക്ഷത്തിൽ മേഘനിർഘോഷങ്ങളുണ്ടാക്കി. അതിന്റെ അനുസ്വാനങ്ങൾ ശത്രുഹൃത്തടങ്ങളിൽ കിടിലങ്ങൾ സൃഷ്ടിച്ചു. അതു അവരെ കബളിപ്പിക്കുക തന്നെ ചെയ്തു. മുഹമ്മദ്(സ)ജീവിച്ചിരിക്കയാണെന്നോർത്തപ്പോൾ അവരുടെ മുഖം ചുളുങ്ങിപ്പോയി! അവരുടെ മുമ്പിലിതാ ഒരു കൈപ്പിടി മുസ്‌ലിമീങ്ങൾ. പരിക്കേറ്റ് അർധപ്രാണരായ തളർന്നു തകർന്ന ഒരു പറ്റം പടയാളികൾ. അവരെ ശരിപ്പടുത്തുക ശത്രുക്കൾക്ക് തുലോം നിസ്സാരമായ ഒരു കാര്യമായിരുന്നു. പക്ഷേ, ഒരിക്കൽകൂടി മുന്നേറുവാൻ അവർക്ക് ധൈര്യമുണ്ടായില്ല! ആ മുസ്‌ലിം സൈന്യത്തെ ആക്രമിക്കാനൊരുങ്ങാതെ അത്രയും കൊണ്ടുള്ള ഒരു വിജയത്തിൽ തൃപ്തിപ്പെട്ടു ജയഭേരിയടിച്ചു അവർ മടങ്ങിപ്പോയി! (ദീബാച്ച തഫ്‌സീറുൽ ഖുർആൻ, അൻവാറുൽഉലൂം, വാള്യം 20, പേജ്252-253)

ഹദ്റത്ത് ആഇശ(റ)യുടെ നിവേദനം അവർ പറഞ്ഞു:**അല്ലദീനസ്തജാബൂ ലില്ലാഹി വർറസൂലി മിൻ ബഅ്ദി മാ അസ്വാബഹുമുൽ ഖർഹു ലില്ലദീന അഹ്സനൂ മിൻഹും വത്തഖൗ അജ്റുൻ അളീം**(3:173) സ്വഹാബാക്കളെ കുറിച്ചാണ്. അതായത് തങ്ങൾക്കു പരിക്കേറ്റ ശേഷം അല്ലാഹുവിന്റേയും ദൂതന്റേയും വിളിക്കുത്തരം നല്കിയവർ-അവരിൽനിന്ന് സുകൃതം ചെയ്യുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തവർക്ക് മഹത്തായ പ്രതിഫലമുണ്ട്. ഹദ്റത്ത് ആഇശാ(റ) ഹദ്റത്ത് ഉർവയോടു പറഞ്ഞു:എന്റെ സഹോദരപുത്രാ!നിന്റെ പിതാമഹന്മാരായ ഹദ്റത്ത് സുബയ്റും ഹദ്റത്ത് അബൂബക്റും ഉഹുദു യുദ്ധത്തിൽ നബി(സ) തിരുമേനിക്ക് പരിക്കേൾക്കുകയും ശത്രുക്കൾ തിരിച്ചുവന്ന് വീണ്ടും ആക്രമിക്കുമോ എന്ന് ആശങ്കപ്പെടുകയും ചെയ്ത സന്ദർഭത്തിൽ ഉണ്ടായിരുന്നു. ആരാണ് അവരെ പിന്തുടരുക എന്ന് നബി(സ)തിരുമേനി ചോദിച്ചു. അവരിൽ 70 ആളുകൾ തങ്ങളെ അതിനായി സമർപിച്ചു. ഉർവ പറയാറുണ്ടിയിരുന്നു:അവരിൽ ഹദ്റത്ത് അബൂബക്റും ഹദ്റത്ത്സുബയ്റുമുണ്ടായിരുന്നു.(സ്വഹീഹ് ബുഖാരി, കിതാബുൽമഗാസി, ബാബു അല്ലദീനസ്തജാബൂ ലില്ലാഹി വർറസൂലി.......ഹദീഥ് നമ്പർ 4077)

ഇതുസംബന്ധമായി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പറയുന്നു: ഖുറയ്ശികൾക്ക് ആ സന്ദർഭത്തിൽ മുസ്‌ലിമീങ്ങൾക്കെതിരിൽ വിജയം ലഭിച്ചിരുന്നു. ഭൗതിക സന്നാഹങ്ങൾ വെച്ചു നോക്കുകയാണെങ്കിൽ അവർക്ക് ആ വിജയത്തിൽനിന്ന് പ്രയോജനവുമെടുക്കാമായിരുന്നു. മദീനക്കുമേൽ ആക്രമണം നടത്തുന്നതിനുള്ള മാർഗം ഏതായിരുന്നാലും അവർക്കു മുന്നിൽ തുറന്നു കിടക്കുകയാണ്. ദൈവിക നിയതി നോക്കുക. ഖുറയ്ശികളുടെ ഹൃദയം വിജയം ഉണ്ടായിരുന്നിട്ടുകൂടി ഉള്ളിൽ മുസ് ലിമീങ്ങളുടെ കാര്യത്തിൽ പ്രഭാവിതരായിരുന്നു. അവർ ഈ വിജയംതന്നെ വലുതാണെന്ന് ഗണിച്ചു. അതായത് ഉഹുദിന്റെ മൈതാനത്ത് ലഭ്യമായ വിജയം. മക്കയിലേക്ക് വേഗം വേഗം തിരിച്ചു പോകുന്നതാണ് ഉചിതമെന്നു കരുതി. എന്നാൽ, അതിനോടൊപ്പംതന്നെ നബി(സ)തിരുമേനി കൂടുതൽ കരുതൽ എന്ന നിലയ്ക്ക് ഉടൻതന്നെ 70 സ്വഹാബാക്കളുടെ ജമാഅത്തിനെ അതിൽ ഹദ്റത്ത് അബീബക്റും ഹദ്റത്ത് .സുബയ്യറമുണ്ടായിരുന്നു, ഖുറയ്ശികളുടെ സൈന്യത്തിന് പിന്നാലെ പറഞ്ഞയച്ചു. ഇത് ബുഖാരിയിലുള്ള നവേദനമാണ്.

പൊതുവെയുള്ള ചരിത്രകാരന്മാർ വിവരിക്കുന്നു: നബി(സ)തിരുമേനി ഹദ്റത്ത് അലിയെ ചിലനിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ഹദ്റത്ത് സഅ്ദ് ബിൻ വഖാസിനെ അവർക്കു പിന്നിൽ അയച്ചുകൊണ്ട് പറഞ്ഞു:ഖുറയ്ശികളുടെ സൈന്യം മദീനയെ ആക്രമിക്കാനുള്ള ഉദ്ദേശ്യത്തിലാണോ ഉള്ളതെന്ന് നോക്കുക. നബി(സ)തിരുമേനി പറഞ്ഞു, ഖുറയ്ശികൾ ഒട്ടകപ്പുറത്ത് യാത്രയിലും കുതിരകളി സവാരി ചെയ്യുന്നുമില്ലെങ്കിൽ അവർ മക്കയിലേക്ക് മടങ്ങിപ്പോകുകയാണെന്നും മദീനയെ ആക്രമിക്കാനുദ്ദേശിക്കുന്നില്ലെന്നും മനസ്സിലാക്കുക. എന്നാൽ, അവർ കുതിരപ്പുറത്താണ് സഞ്ചരിക്കുന്നതെങ്കിൽ അവരുടെ ഉദ്ദേശ്യം ശരിയല്ലെന്നും അറിയുക. എന്നിട്ട് അവരെ താക്കീതു ചെയ്തുകൊണ്ട് പറഞ്ഞു: ഖുറയ്ശികളുടെ സൈന്യം മദീനയിലേക്ക് തിരിയുകയാണെങ്കിൽ ഉടൻതന്നെ നബി(സ)തിരുമേനിയെ അറിയിക്കണം. നബി(സ)തിരുമേനി വളരെ ആവേശഭരിതനായി പറഞ്ഞു:ഖുറയ്ശികൾ ഈ നേരത്ത് മദീനക്കുമേൽ ആക്രമണം നടത്തുകയാണെങ്കിൽ അല്ലാഹുവാണ! നമ്മൾ അവരെ എതിർത്തുകൊണ്ട് അവർക്ക് ആ ആക്രമണത്തിന്റെ രുചി ആസ്വദിപ്പിക്കുന്നതാണ്. എന്തായാലും ഈ സംഘം പോകുകയും ഖുറയ്ശികളുടെ സൈന്യം മക്കയിലേക്ക് പോകുകയാണെന്ന സന്ദേശവുമായി മടങ്ങി വരികയും ചെയ്തു.(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 499-500)

ഇൻശാ അല്ലാഹ് ഈ വിവരണം തുടർന്നുമുണ്ടാകുന്നതാണ്.

**പേജ് 1 ൽ നിന്ന്**

അവരുടേത് നല്ലതോ ചീത്തയോ എന്നതിനെ സംബന്ധിച്ച് പ്രത്യേക ചിന്തയൊന്നുമുണ്ടാകുകയില്ല. പിടിവാശിയിലും മതപരമായ ഏകപക്ഷീയതയിലും ഒരു കുറ്റവും കാണുകയില്ല. കാരണം അവരുടെ ചിന്തയിൽ ശിക്ഷയൊന്നുമുണ്ടാകുകയില്ല. അതുകൊണ്ട് പതുക്കെപ്പതുക്കെ അവരുടെ മനസ്സ് മഠയനും മണ്ടനും ആയിപ്പോയി. അറിവിന്റേയും സന്മാർഗത്തിന്റേയും ബീജം അവരിൽ അവശേഷിച്ചില്ല. അത് ആ നേരത്ത് മനുഷ്യനിലുണ്ടാകുന്നതാണ്. തന്റെ കർമങ്ങളുടെ എന്തോ പ്രധാനപ്പെട്ട ഫലം പുറപ്പെടാൻ പോകുകയാണെന്ന് അവന് തോന്നുന്നു. ചുരുക്കത്തിൽ പരലോകത്തെ നിഷേധിച്ച കാരണത്താൽ കൂസലില്ലായ്മയും അശ്രദ്ധയും അവരിലുണ്ടായിരിക്കുന്നു. ഹൃദയം അറിവിൽനിന്ന് പിന്തള്ളപ്പെട്ടുപോകുന്നു. ഇക്കാരണത്താൽ സ്പഷ്ടമായതും ദൃഢഗാഢമായതുമായ കാര്യങ്ങൾപോലും തന്റേടത്തോടെ നിഷേധിക്കുന്നു. ചിന്തിക്കുന്നതിൽ ശ്രദ്ധയില്ല. ചുരുക്കത്തിൽ ഇവിടെ മുൻകിറത്തുൻ എന്നതിന്റെ അർഥം നിഷേധിക്കുന്നവർ എന്നല്ല, പ്രത്യുത അജ്ഞരും അറിവില്ലാത്തവരുമെന്നാണ്. മരണത്തിനുശേഷമുള്ള ഉയിർത്തെഴുന്നേല്പിൽ വിശ്വാസമില്ലാത്ത കാരണത്താൽ - മാന്യമായി ചിന്തിക്കണമെന്ന ബോധമില്ല- അതുകൊണ്ട് ഈ ശീലം കാരണത്താൽ മനസ്സിൽനിന്ന് അറിവിന്റെ ബീജം പൊയ്പ്പോയി. അവർക്ക് തങ്ങളുടെ ഒരു വിശ്വാസം മറ്റെ വിശ്വാസത്തിനെതിരാണെന്ന ബോധംതന്നെയില്ല.

മരണത്തിനുശേഷമുള്ള ഉയിർത്തെഴുന്നേൽപ് നിഷേധിക്കുന്ന കാരണത്താൽ രണ്ടാമത്തെ ഫലം പറയപ്പെട്ടിരിക്കുന്നത് അവരിൽ അഹങ്കാരം ഉണ്ടായിരിക്കുന്നുവെന്നാണ്. കാരണം രക്ഷാശിക്ഷയിൽ വിശ്വാസമില്ലാത്തവൻ നിർഭയനായിത്തീരുന്നു. ആരാണോ നിർഭയനാകുന്നത് അവൻ സത്യം സമ്മതിക്കുന്നത് ആവശ്യമായി കരുതുന്നില്ല.

ചുരുക്കത്തിൽ **ഖുലൂബുഹും മ്മുൻകിറത്തുൻവ്വഹും മ്മുസ്തക്ബിറൂൻ** എന്ന വാക്കുകളിൽനിന്ന് വാസ്തവത്തിൽ രണ്ടുതരത്തലുള്ള മുശ്രിക്കീങ്ങളെ കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. ഒരു വിഭാഗത്തിൽനിന്ന് മാന്യതയോടെ ചിന്തിക്കണമെന്ന ബീജം പൊയ്പ്പോയി. അജ്ഞതയിൽ അകപ്പെടുകയും ചെയ്തു. മനസ്സു രോഗിയായിത്തീർന്ന കാരണത്താൽ അവർ സത്യം മനസ്സിലാക്കുന്നതിൽ അപര്യാപ്തരായിത്തീർന്നു. രണ്ടാമത്തെ കൂട്ടർ തെളിവുകൾകേട്ട് ഏകദൈവവിശ്വസം മനസ്സിൽ ശരിയാണെന്ന് മനസ്സിലാക്കുന്നു. പക്ഷേ, അഹങ്കാരവും പിടിവാശിയും കാരണത്താൽ അത് സമ്മതിക്കുന്നില്ല. കാരണം രക്ഷാശിക്ഷ നിഷേധിക്കുന്നതുകൊണ്ട് അവർ നിർഭയരാണ്. സത്യത്തെ നിഷേധിക്കുന്നതിൽ നഷ്ടമുണ്ടാകുമെന്ന് അവർ കരുതുന്നില്ല. *(തഫ്‌സീറെ കബീർ, വാള്യം 4, പേജ് 153, പ്രസാധനം 2010 ഖാദിയാൻ)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin